# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P4/ 515 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 13/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കാര്യാലയ പകർപ്പ്

നമ്പർ: KSA KLM P4/ 515 /2023 തീയ്യതി: 13/04/2023

## കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 29-01-2022 മുതൽ 05-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മാത്യുറോയി.കെ.പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 06-03-2023 | 10-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-03-2023 | 10-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. രഞ്ജിത്ത് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. ആർ. ഷീജ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. അമ്പിളി. ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അനിൽകുമാർ. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജയദേവി മോഹൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.കെ.അജികുമാർ | സെക്രട്ടറി | 01-04-2021 | 10-05-2021 |
| ശ്രീമതി.ലീന | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-05-2021 | 15-05-2021 |
| ശ്രീ.രാധാകൃഷ്ണപിള്ള.ബി | സെക്രട്ടറി | 16-05-2021 | 31-05-2021 |
| ശ്രീമതി.ലീന | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 13-06-2021 |
| ശ്രീമതി.രമ്യ.സി | സെക്രട്ടറി | 14-06-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രാജി.ബി.റ്റി | അസി.ഡയറക്ടർ(കൃഷി) | 01-04-2021 | 31-03-2022 |
| ശ്രീമതി.കവിത.പി.ആർ | സി.ഡി.പി.ഒ | 01-04-2021 | 30-10-2021 |
| ശ്രീമതി.അനീറ്റ ഗോമസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ(ഇൻചാർജ്ജ്) | 31-10-2021 | 07-11-2021 |
| ശ്രീമതി.ശ്രീദേവി അമ്മ | സി.ഡി.പി.ഒ(അഞ്ചാലുംമൂട്) | 08-11-2021 | 31-03-2022 |
| ശ്രീമതി.സുക്ഷമ.കെ | സി.ഡി.പി.ഒ(ചിറ്റുമല) | 01-04-2021 | 31-05-2021 |
| ശ്രീമതി.കവിത.പി.ആർ | സി.ഡി.പി.ഒ(ചിറ്റുമല) | 01-06-2021 | 30-10-2021 |
| ശ്രീമതി.അലീമ.എസ് | സി.ഡി.പി.ഒ(ചിറ്റുമല) | 02-11-2021 | 31-03-2022 |
| ശ്രീമതി.ഹസീന.എ | അസി.എക്സി.എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രിയ.കെ.ജി. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഡോ.അനിത.കെ.കുമാർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2021 | 28-10-2021 |
| ഡോ.സീമ ശിവാനന്ദ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 28-10-2021 | 31-03-2022 |
| ശ്രീ.സുനിൽകുമാർ.എസ്.എൽ | എസ്.സി.ഡി.ഒ | 01-04-2021 | 31-03-2022 |
| ഡോ.ബിന്ദു | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ.എസ്.എൽ.മോഹനകുമാർ | സീനിയർ സൂപ്രണ്ട് | 01-04-2021 | 31-05-2021 |
| ശ്രീ.രംഗരാജൻ | ജൂനിയർ സൂപ്രണ്ട് | 01-06-2021 | 20-06-2021 |
| ശ്രീമതി.ഷൈനി,എൽ.കെ | സൂപ്രണ്ട് | 21-06-2021 | 31-03-2022 |
| ശ്രീമതി.മഞ്ജു.ഒ.ബി | ഡയറി എക്സ്റ്റൻഷൻ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ.കണ്ണനുണ്ണി.പി.എസ് | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്യാഷ് പരിശോധന | 1-7 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 11 | ഗുണഭോക്തൃവിഹിതമിനത്തിൽ ഈടാക്കിയ തുക മാസങ്ങളോളം ഒടുക്കാതെ കൈവശം വച്ച് താല്ക്കാലിക പണാപഹരണം നടത്തി. | 1-10 |
| 12 | അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സ് - വാടകകുടിശ്ശിക ലക്ഷങ്ങൾ ഈടാക്കാനവശേഷിക്കുന്നു. | 1-11 |
| 13 | ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ഹാളിന്റെ വാടകയോടൊപ്പം 18% ജി.എസ്.ടി ഈടാക്കിയിട്ടില്ല. | 1-12 |
| 14 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അക്രഡിറ്റഡ് എഞ്ചിനീയർക്ക് വേതനമിനത്തിൽ അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. | 1-13 |
| 15 | ലാപ് ടോപ്പ് വാങ്ങുന്നതിനായി കെൽട്രോണിന് അധികം നൽകിയ 1,956/-രൂപ തിരികെ ഈടാക്കേണ്ടതാണ്. | 1-14 |
| 16 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ രേഖകൾ ഹാജരാക്കിയില്ല. | 1-15 |
| 17 | വജ്രജൂബിലി ഫെലോഷിപ്പ് കലാകാരൻമാർക്ക് ഫെലോഷിപ്പ് - മാനദണ്ഡങ്ങൾ പാലിച്ചില്ല. | 1-16 |
| 18 | സുഭിക്ഷകേരളം തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-17 |
| 19 | കുണ്ടറ താലൂക്ക് ആശുപത്രിയ്ക്ക് മരുന്നുകൾ വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. | 1-18 |
| 20 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-19 |
| 21 | സ്പിൽ ഓവർ പ്രോജക്ടിന് പത്രപരസ്യം നൽകിയ ചെലവ് തുക നിരാകരിക്കുന്നു. | 1-20 |

| | | |
|---|---|---|
| 22 | വാർഷിക ധനകാര്യ പത്രിക അന്തിമമാക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരിയെ നിയമിച്ച് വേതനം നൽകിയത് അംഗീകരിക്കുന്നില്ല. | 1-21 |
| 23 | മുറിച്ച മരം ലേലം ചെയ്ത് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നാളിതുവരെ മുതൽ കൂട്ടിയിട്ടില്ല. | 1-22 |
| 24 | തുല്യതാ പഠനം - രേഖകൾ ഹാജരാക്കിയില്ല. | 1-23 |
| 25 | നേരിട്ട് നിർവഹണം നടത്തിയ പദ്ധതികളുടെ ചെലവുവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-24 |
| 26 | ഭവനപദ്ധതികൾ പണി പൂർത്തീകരിച്ചിട്ടില്ല. | 1-25 |
| 27 | വെറ്റിംഗ് ഓഫീസർ നിരസിച്ച പദ്ധതി നടപ്പിലാക്കി. | 1-26 |
| 28 | വാർഷികപദ്ധതി പ്രകാരമുള്ള പ്രോജക്ടുകളുടെ ചെലവ് വിവരം ഉൾപ്പെടുന്ന സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ബാങ്ക് അക്കൗണ്ടിൽ നിന്നും വിവിധ പ്രോജക്ടുകൾക്കായി നടത്തിയ ചെലവുകൾ ഉൾപ്പെട്ടുകാണുന്നില്ല. | 1-27 |
| 29 | ബിൽ തുക കണക്കാക്കിയതിലെ അപാകത - അധിക ചെലവ് | 1-28 |
| 30 | സബ്സിഡി മാർഗരേഖക്ക് വിരുദ്ധമായി തുക നൽകി. | 1-29 |
| 31 | രേഖകൾ ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-30 |
| 32 | പ്ലാസ്റ്റിക് ബെയിലിംഗ് യൂണിറ്റ് - ലക്ഷങ്ങൾ ചെലവഴിച്ചിട്ടും നാളിതുവരെ പ്രവർത്തിച്ചിട്ടില്ല. | 1-31 |
| 33 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് നൽകൽ - ക്രമവിരുദ്ധമായി പദ്ധതി നടപ്പിലാക്കി. | 1-32 |
| 34 | മാലിന്യസംസ്കരണ പ്ലാന്റ് പ്രവൃത്തി 4-ാം വർഷത്തിലും പൂർത്തീകരിച്ചില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു -1,10,431/- | 1-33 |
| 35 | സ്ഥാപിച്ച ഫാനുകൾ പൂർണ്ണമായും കൈമാറിയില്ല. | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സ്പിൽ ഓവർ പ്രോജക്ടിന് പത്രപരസ്യം നൽകിയ ചെലവ് തുക നിരാകരിക്കുന്നു. | 3-1 |
| 2 | വാർഷിക ധനകാര്യ പത്രിക അന്തിമമാക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ജീവനാക്കാരിയെ നിയമിച്ച് വേതനം നൽകിയത് അംഗീകരിക്കുന്നില്ല. | 3-2 |
| 3 | പ്ലാസ്റ്റിക് ബെയിലിംഗ് യൂണിറ്റ് - ലക്ഷങ്ങൾ ചെലവഴിച്ചിട്ടും നാളിതുവരെ പ്രവർത്തിച്ചിട്ടില്ല. | 3-3 |
| 4 | ബിൽ തുക കണക്കാക്കിയതിലെ അപാകത - അധിക ചെലവ് | 3-4 |
| 5 | സബ്സിഡി മാർഗരേഖക്ക് വിരുദ്ധമായി തുക നൽകി. | 3-5 |

| | | |
|---|---|---|
| 6 | വെറ്റിംഗ് ഓഫീസർ നിരസിച്ച പദ്ധതി നടപ്പിലാക്കി. | 3-6 |
| 7 | തുല്യതാ പഠനം - രേഖകൾ ഹാജരാക്കിയില്ല. | 3-7 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

19.2.21 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2022 | 30-5-2022 | - | - |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

1. സ.ഉ.(സാധാ)നം.2617/2022/ധന, തീ.31.03.22 പ്രകാരം ലഭിച്ച 14,48,144/-രൂപയുടെ അലോട്ട്മെന്റ് വികസനഫണ്ട് (എസ്.സി.പി) യുടെ എ.സി.ആർ-ൽ ഉൾപ്പെടുത്തിയിട്ടില്ല.

2. മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) ന്റെ എ.സി.ആർ പ്രകാരം കുണ്ടറ താലൂക്ക് ഹോസ്പിറ്റൽ മെയിന്റനൻസ് (105/21-22 ) എന്ന പദ്ധതിയ്ക്കായി 2,58,745/-രൂപ അലോട്ട്മെന്റ് നൽകിയെങ്കിലും ആയത് ട്രഷറിയിൽ നിന്നും ചെലവായിട്ടില്ല.

3. കുണ്ടറ താലൂക്കാശുപത്രി താൽക്കാലിക പാരാമെഡിക്കൽ സ്റ്റാഫുകൾക്ക് വേതനം നൽകൽ (42/22) എന്ന പദ്ധതി പ്രകാരം തനത് ഫണ്ടിനത്തിൽ 2,43,500/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല.

4. ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള എഫ്.ഡി സർട്ടിഫിക്കറ്റുകൾ പ്രകാരം (10 സർട്ടിഫിക്കറ്റുകൾ) 8,23,000/-രൂപയുടെ സ്ഥിരം നിക്ഷേപം ഉണ്ട്. എന്നാൽ വാർഷികകണക്കുകൾ പ്രകാരം 5,97,500/-രൂപയാണ് എഫ്.ഡി. ബാങ്ക് അക്കൗണ്ടിന്റെ ( Perayam Service Co-operative Bank-FD ) നീക്കുബാക്കിയായി കാണിച്ചിരിക്കുന്നത്.

5. താലൂക്ക് ആശുപത്രയിലേക്ക് ലാബ് റീജിയന്റ് വാങ്ങൽ (61/22) എന്ന പദ്ധതി പ്രകാരം മെയിന്റനൻസ് ഫണ്ട് ( റോഡിതരം ) ഇനത്തിൽ 4,51,095/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ആയത് സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവായി രേഖപ്പെടുത്തിയിട്ടില്ല.

6. ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി കാണിച്ചിരിക്കുന്ന 3,71,17,768/-രൂപയുടെ ചെലവു വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

7. South Indian Bank – Miscellaneous എന്ന ബാങ്ക് അക്കൗണ്ടിന്റെ 31.03.22 ലെ ബാങ്ക് ബുക്ക് ബാലൻസ് 10,23,176/- രൂപയാണ്. എന്നാൽ ടി അക്കൗണ്ടിന്റെ പാസ്ബുക്ക് ബാലൻസ് 10,23,138/- രൂപയാണ്. 38/- രൂപയുടെ വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല.

8. MGNREGS ന വേണ്ടിയുള്ള കേരളപുരം ഇന്ത്യൻ ബാങ്കിന്റെ 772786356 നമ്പർ അക്കൌണ്ട് വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12,16,917/-രൂപ |
| ഓഡിറ്റ് വർഷത്തെ വരവ് | 6,79,52,671/-രൂപ |
| ആകെ | 8,01,21,846/-രൂപ |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,92,44,474/-രൂപ |
| നീക്കിയിരിപ്പ് | 1,08,77,372/-രൂപ |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8,84,640/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 31,27,391.5/-രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,89,34,132/- | 1,89,34,132/- | 1,82,79,460/- | 6,54,672/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1,97,36,144/- | 1,97,36,144/- | 1,64,57,264/- | 32,78,880/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബേസിക് ഗ്രാന്റ്-ട്രഷറി | 0 | 2,51,076/- | 2,51,076/- | 96,968/- | 1,54,108/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബേസിക് ഗ്രാന്റ് - ബാങ്ക് | 0 | 35,81,308/- | 35,81,308/- | 28,81,945/- | 6,99,363/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് പെർഫോർമൻസ് ഗ്രാന്റ്-ട്രഷറി | 0 | 36,39,026/- | 36,39,026/- | 27,42,271/- | 8,96,755/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് പെർഫോർമൻസ് ഗ്രാന്റ് - ബാങ്ക് | 0 | 52,76,000/- | 52,76,000/- | 22,80,716/- | 29,95,284/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 91,75,063/- | 91,75,063/- | 65,86,225/- | 25,88,838/- |
| അഡ്മിനിസ്ട്രേറ്റീവ് ഭണ്ട്-പോവർട്ടി അലീവിയേഷൻ | 220/- | 54/- | 220/- | 0 | 274/- |
| ഐ.എ.വൈ | 25,82,666/- | 1,15,029/- | 26,97,695/- | 9,32,230/- | 17,65,465/- |
| റ്റി.എസ്.സി | 18,20,865/- | 51,938/- | 18,72,803/- | 9,66,608/- | 9,06,195/- |
| ഐ.ഡബ്ല്യു.എം.പി-ജനറൽ | 40,17,291/- | 6,92,268/- | 47,09,559/- | 47,09,559/- | 0 |
| സാക്ഷരത | 2,71,579/- | 10,863/- | 2,82,442/- | 0 | 2,82,442/- |
| എം.പി എൽ.എ.ഡി | 1,28,388/- | 3,75,725/- | 5,04,113/- | 3,69,013/- | 1,35,100/- |
| എം.എൽ.എ-എസ്.ഡി.എഫ് | 93,149/- | 2,732/- | 95,881/- | 0 | 95,881/- |
| നിർമ്മൽ പുരസ്കാർ | 12,30,277/- | 0 | 12,30,277/- | 4,69,926/- | 7,60,351/- |
| കില ട്രെയിനിംഗ് ഫണ്ട് | 0 | 11,058/- | 11,058/- | 9,513/- | 1,545/- |

| | | | | | |
|---|---|---|---|---|---|
| ഐ.എ.വൈ സെൻട്രൽ ഫണ്ട് | 497/- | 15/- | 512/- | 112/- | 400/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 82 | 10,27,23,586/- | 59 | 5,15,96,655/- | 0 | 23 | 71.95 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5,22,428/- | 14,39,624/- | 19,62,052/- | 17,87,460/- | 1,74,592/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 0 | 0 | 0 | 0 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8.2.23 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹0/-ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള ബ്ലോക്ക്പഞ്ചായത്തിലെ പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കവരുത്തുന്നുണ്ട്. 2021-22 ലെ വർഷത്തിലെ വാർഷിക പദ്ധതിയിലുൾപ്പെട്ട വാട്ടർ ടാങ്ക് വിതരണം പദ്ധതിയ്ക്ക് ഗുണഭോക്തൃവിഹിതമിനത്തിൽ ഈടാക്കിയ തുക പട്ടിക ജാതി വികസന ഓഫീസർ മാസങ്ങളോളം ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കാതെ കൈവശം വച്ച് താല്ക്കാലിക പണാപഹരണം നടത്തിയതായി കാണുന്നു. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്.
ബ്ലോക്ക് പഞ്ചായത്തിന്റെ തനതു വരുമാന സ്രോതസ്സായ അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സിന്റെ വാടകയുടെ കുടിശ്ശിക പുതുക്കിയ പി.ഡബ്ല്യു.ഡി നിരക്കിൽ ഈടാക്കുന്നതിലും ഓരോ വർഷവും വാടകക്കാരുമായി കരാർ ചമയ്ക്കുന്നതിലും ഗുരുതരമായ അലംഭാവമാണ് ബ്ലോക്ക് പഞ്ചായത്ത് സ്വകരിക്കുന്നത്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ബ്ലോക്ക്പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ബ്ലോക്ക്പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.6.19 | 2015-16 To 2018-19 | 29.7.19 |
| പെർഫോർമൻസ് ഓഡിറ്റ് | 25.10.22 To 2.11.22 | 2021-22 | ലഭ്യമായിട്ടില്ല. |

1-10 ഗുണഭോക്തൃവിഹിതമിനത്തിൽ ഈടാക്കിയ തുക മാസങ്ങളോളം ഒടുക്കാതെ കൈവശം വച്ച് താല്ക്കാലിക പണാപഹരണം നടത്തി.

കേരള പഞ്ചാത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 23 പ്രകാരം കളക്ട് ചെയ്യുന്ന തുക 500/-രൂപയിൽ കൂടുതലാണെങ്കിൽ അതേ ദിവസമോ, തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ട്രഷറി/ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ആയതിന് വിരുദ്ധമായി പട്ടിക ജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ 2021-22 ലെ വർഷത്തിലെ വാർഷിക പദ്ധതിയിലുൾപ്പെട്ട വാട്ടർ ടാങ്ക് വിതരണം പദ്ധതിയ്ക്ക് ഗുണഭോക്തൃവിഹിതമിനത്തിൽ ഈടാക്കിയ തുക മാസങ്ങളോളം ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കാതെ കൈവശം വച്ച് താല്ക്കാലിക പണാപഹരണം നടത്തിയതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| കളക്ട് ചെയ്ത രസീത് നം/തിയതി | കളക്ട് ചെയ്ത തുക (രൂപ) | ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയ തീയതി |
|---|---|---|
| 273/28 To 273/32, 26.3.22 | 4,000/- | 25.10.22 |
| 273/33, 2.4.22 | 1,600/- | 25.10.22 |
| 273/28.5.22 | 2,400/- | 25.10.22 |
| ആകെ | 8,000/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഗുണഭോക്തൃവിഹിതമിനത്തിൽ ഈടാക്കിയ തുക മാസങ്ങളോളം ഒടുക്കാതെ കൈവശം വച്ച് താല്ക്കാലിക സാമ്പത്തിക ക്രമക്കേട് നടത്തിയതിന് മതിയായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തുക ഒടുക്കുവാൻ വൈകിയ കാലയളവിലേക്ക് 18% പിഴ പലിശ ഈടാക്കേണ്ടതാണ്.

എൻക്വയറി നം.13/ 9.3.23

1-11 അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സ് - വാടകകുടിശ്ശിക ലക്ഷങ്ങൾ ഈടാക്കാനവശേഷിക്കുന്നു.

ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സിൽ ഗ്രൌണ്ട് ഫ്ലോറിൽ 16 സ്ഥാപനങ്ങളും, ഫസ്റ്റ് ഫ്ലോറിൽ രജിസ്ട്രാർ ഓഫീസ്, സി.ഡി.പി.ഒ. ഓഫീസ്, എ.ഡി.എസ് ഓഫീസ് എന്നീ 3 സർക്കാർ സ്ഥാപനങ്ങൾ (Room Nos-15, 16, 17) ഉൾപ്പടെ 6 സ്ഥാപനങ്ങളും, ഷോപ്പിംഗ് കോംപ്ലക്സിനു പുറത്ത് 3 സ്ഥാപനങ്ങളും വാടകയ്ക്ക് പ്രവർത്തിക്കുന്നു. 20.05.2017 ലെ V(I) നമ്പർ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച നിയമാവലി പ്രകാരമാണ് നിലവിലും കടമുറികൾ വാടകയ്ക്ക് നൽകിയിരിക്കുന്നത്. മുൻ വർഷങ്ങളിൽ വാടകയ്ക്ക് ഏടുത്ത വ്യക്തികൾ തന്നെ തുടർന്നുള്ള വർഷങ്ങളിലും വാടകയിൽ 5% വർദ്ധനവ് വരുത്തി കടമുറികൾ വാടകയ്ക്ക് എടുക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഓരോ വർഷവും എല്ലാ വാടകക്കാരുമായും കരാർ പുതുക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് ഗുരുതരമായ അലംഭാവമാണ് കാണിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റിയുടെ 18.09.2019 ലെ 6(1) നമ്പർ തീരുമാന പ്രകാരം വാടകയ്ക്ക് നൽകിയ കെട്ടിടങ്ങളുടെ വാടക, കരാർ പുതുക്കുന്നതിനനുസരിച്ച് നിലവിലുള്ള പി.ഡബ്ല്യു.ഡി. നിരക്കായ ച.മീറ്ററിന് 156/- രൂപ നിരക്കിൽ ഈടാക്കുന്നതിന് തീരുമാനിച്ചിരുന്നു. ചുവടെ പറയുന്ന സ്ഥാപനങ്ങൾ തൻവർഷം വാടക പുതുക്കിയ/പഴയ നിരക്കിൽ അടവാക്കുകയോ കരാർ പുതുക്കുകയോ ചെയ്തിട്ടില്ല. 2017 ഏപ്രിൽ 1 മുതൽ വാടകയിനത്തിൽ വൻതുക ഈടാക്കാനവശേഷിക്കുന്നു. കോവിഡ് കാലയളവിൽ വാടകയിനത്തിലുള്ള ഇളവ് അനുവദിച്ചതിന് ശേഷം 2021-22 വർഷം വരെ വാടകയിനത്തിൽ ഈടാക്കാനവശേഷിക്കുന്ന തുകയുടെ വിശദവിവരം ചുവടെ

ചേർക്കുന്നു.

| റൂം നം. | പേര് | വാടക നിരക്ക് (രൂപ) | കടിശ്ശിക (രൂപ) (G.S.T ഉൾപ്പടെ) |
|---|---|---|---|
| 1, 2 | ഗ്രാമ്യ സൂപ്പർ മാർക്കറ്റ് | 12,089.91/- | 2,68,645/- |
| 3 | ആധാരം എഴുത്ത് ആഫീസ് | 4,029.63/- | 40,652/- |
| 4 | ആധാരം എഴുത്ത് ആഫീസ് | 4,029.63/- | 63,724/- |
| 5 | ബ്യൂട്ടി പാർലർ | 4,029.63/- | 63,557/- |
| 6. | ഡി.റ്റി.പി.സെന്റർ | 4,029.63/- | 62,554/- |
| 7 | ആധാരം എഴുത്ത് ആഫീസ് | 4,029.63/- | 85,279/- |
| 8 | സ്റ്റാമ്പ് പേപ്പർ വില്പന. | 2,571.03/- | 1,04,672.75/- |
| 9 | ബ്യൂട്ടി പാർലർ | 2,822.4/- | 1,14,906.62/- |
| 10, 11 | റൂറൽ സാനിട്ടറി മാർട്ട്, IIT | 5,761.66/- | 14,89,831.1/- |
| 12, 13 | | 5,992.08/- | 2,43,952.15/- |
| 16 | | 6,913.77/- | 2,81,476.34/- |
| 14 | ടെയ് ലെറിംഗ് (ജയശ്രീ ) | 3,353.80/- | 1,18,441.49/- |
| 4 | പ്രസ്സ് സെന്റർ (ഫസ്റ്റ് ഫ്ലോർ) | 2,906.19/- | 41,151.65/- |
| 6 | സീനിയർ സിറ്റിസൺ (ഫസ്റ്റ് ഫ്ലോർ ) | 3,257.98/- | 1,22,896.23/- |
| 5 | ജീവനി (ഫസ്റ്റ് ഫ്ലോർ ) | 2,738.61/- | 1,11,495.33/- |
| 1 | ആധാരം എഴുത്ത് ആഫീസ് (ഫസ്റ്റ് ഫ്ലോർ) | 3,195/- | 1,30,077.89/- |
| 2 | ക്ഷീരോൽപാദക സഹകരണ സംഘം | 9,824.37/- | 3,99,973.8/- |
| ആകെ | | | 45,48,490.7/- |

മുൻകാലയളവിൽ അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്തിന് എതിർവശത്തുള്ള വർക്ക് ഷെഡിന് ലാന്റ് വാല്യൂ നിർണ്ണയിച്ച് നൽകുന്നതിനായി അപേക്ഷ നൽകിട്ടുണ്ടെങ്കിലും, തഹൽസിദാർ ലാന്റ് വാല്യൂ നിർണ്ണയിച്ച് നാളിതുവരെ നൽകിയിട്ടില്ലാത്തതിനാൽ വാടക നിർണ്ണയിച്ചിട്ടില്ല. ടി സ്ഥലത്തുള്ള മറ്റൊരു വർക്ക് ഷെഡിന്റെ വാടക സംബന്ധിച്ച് കേസ് നിലനിൽക്കുന്നതിനാൽ ആയതിന്റെയും വാടക നിർണ്ണയിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വർഷം തോറും വാടക കരാർ പുതുക്കി കുടിശിക തുക പലിശ സഹിതം ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതും, അല്ലാത്തപക്ഷം നിയമനടപടികൾ സ്വീകരിച്ച് തുക ഈടാക്കേണ്ടതുമാണ്. ആയതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

എൻക്വയറി നം.12/ 9.3.23

**1-12 ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ഹാളിന്റെ വാടകയോടൊപ്പം 18% ജി.എസ്.ടി ഈടാക്കിയിട്ടില്ല.**

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ഹാളിന്റെ വാടകയോടൊപ്പം ജി.എസ്.ടി 18% ജി.എസ്.ടി ഈടാക്കേണ്ടതിന് പകരം 12% ജി.എസ്.ടി മാത്രമേ ഈടാക്കിയിട്ടുള്ളൂ. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| രസീത് നം തിയതി | വാടക | ഈടാക്കിയ ജ.എസ്.ടി (12%) | ഈടാക്കാണ്ട ജി.എസ്.ടി (18%) | കുറവായി ഈടാക്കിയ തുക (രൂപ) |
|---|---|---|---|---|
| 274/1, 25.4.22 | 2,000/- | 240/- | 360/- | 120/- |
| 274/2, 30.4.22 | 1,500/- | 180/- | 270/- | 90/- |
| 274/3, 17.5.22 | 1,500/- | 180/- | 270/- | 90/- |
| 274/8, 22.7.22 | 1,500/- | 180/- | 270/- | 90/- |
| 274/9, 1.8.22 | 1,500/- | 180/- | 270/- | 90/- |
| 274/10, 3.8.22 | 1,500/- | 180/- | 270/- | 90/- |
| 274/11, 5.8.22 | 1,500/- | 180/- | 270/- | 90/- |
| 274/12, 8.8.22 | 2,000/- | 240/- | 360/- | 120/- |
| 274/19, 19.8.22 | 1,500/- | 180/- | 270/- | 90/- |
| 274/14, 31.8.22 | 1,500/- | 180/- | 270/- | 90/- |
| 274/17,24.9.22 | 1,500/- | 180/- | 270/- | 90/- |
| 274/22,3.11.22 | 1,500/- | 180/- | 270/- | 90/- |
| 274/23,18.11.22 | 2,000/- | 240/- | 360/- | 120/- |
| 274/24,9.12.22 | 1,500/- | 180/- | 270/- | 90/- |
| 274/27,31.12.22 | 1,500/- | 180/- | 270/- | 90/- |
| 274/28, 3.1.23 | 1,500/- | 180/- | 270/- | 90/- |
| 274/29, 16.1.23 | 1,500/- | 180/- | 270/- | 90/- |
| 274/30,23.1.23 | 1,500/- | 180/- | 270/- | 90/- |
| 274/31, 3.2.23 | 1,500/- | 180/- | 270/- | 90/- |
| 274/32, 4.2.23 | 1,500/- | 180/- | 270/- | 90/- |
| 274/36, 6.3.23 | 1,500/- | 180/- | 270/- | 90/- |
| 274/37, 6.3.23 | 1,500/- | 180/- | 270/- | 90/- |
| | | | ആകെ | 2,070/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സംസ്ഥാന ചരക്ക-സേവന നികുതി വകുപ്പിന്റെ 20.2.19 തീയതിയിലെ CT/1911/2019-A1GSTC-നമ്പർ ഉത്തരവ് പ്രകാരം ചരക്ക-സേവന നികുതി നിയമം-2017 പ്രകാരം വാടക, പാട്ടം, ഭൂമി ഉപയോഗിക്കുന്നതിനുള്ള ലൈസൻസുകൾ എന്നീ സേവനങ്ങളുടെ സപ്ലൈയായിട്ടാണ് കണക്കാക്കുന്നത്. ഇതിന് 18% ജി.എസ്.ടി ബാധകമാണ്. സംസ്ഥാന ചരക്ക-സേവന നികുതി വകുപ്പിന്റെ ടി ഉത്തരവിന് വിരുദ്ധമായി ഹാളിന്റെ വാടകയോടൊപ്പം 18% ജി.എസ്.ടി ഈടാക്കാത്തതിന് രേഖാമൂലം വിശദീകരണം നൽകേണ്ടതും, കുടിശ്ശിക ഉൾപ്പെടെയുള്ള തുക ഈടാക്കി സർക്കാരിലേക്ക് ഒടുക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

എൻക്വയറി നം.11/ 9.3.23

1-13 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അക്രഡിറ്റഡ് എഞ്ചിനീയർക്ക് വേതനമിനത്തിൽ അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

2021-22 കാലയളവിലെ തനത ഫണ്ട് പരിശോധനയിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ച അക്രഡിറ്റഡ് എഞ്ചിനീയർ ആരോഗ്യപരമായ കാരണങ്ങളാൽ ലീവ് എടുത്ത സാഹചര്യത്താൽ ശ്രീമതി. നജ്മ.എ.ആറിനെ

ദിവസവേതനാടിസ്ഥാനത്തിൽ അക്രഡിറ്റഡ് എഞ്ചിനീയറായി നിയമിച്ചു. ടിയാൾക്ക് വേതനമിനത്തിൽ അധിക തുക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| കാലയളവ് | നൽകിയ തുക (രൂപ) | നൽകേണ്ട തുക (രൂപ) | അധികം നൽകിയ തുക (രൂപ) | ചെക്ക് നം/തീയതി |
|---|---|---|---|---|
| 1/21 (കുടിശ്ശിക) | 4,082/- (31460*26/30)-(26750*26/30) | 3,950/- (31460*26/31)-(26750*26/31) | 132/- | 398893/ 13.4.21 |
| 3/21 | 29,363/- (31460*28/30) | 28,415/- (31460*28/31) | 948/- | 398893/ 13.4.21 |
| | | ആകെ | 1,080/- | |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ദിവസവേതനത്തിൽ നിയമിച്ച അക്രഡിറ്റഡ് എഞ്ചിനീയർക്ക് വേതനമിനത്തിൽ അധികം നൽകിയ 1,080/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ടി തുക ഉചിതമാർഗത്തിൽ ഈടാക്കി സർക്കാരിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്.

എൻക്വയറി നം. 16/9.3.23
നിരാകരണം – 1,080/- രൂപ

1-14 ലാപ് ടോപ്പ് വാങ്ങുന്നതിനായി കെൽട്രോണിന് അധികം നൽകിയ 1,956/-രൂപ തിരികെ ഈടാക്കേണ്ടതാണ്.

തനതുഫണ്ട് ചെലവു വൗച്ചർ പരിശോധനയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ലാപ് ടോപ്പ് വാങ്ങുന്നതിനായി കെൽട്രോണിന്റെ 7.9.21 തീയതിയിലെ 29155-നമ്പർ പെർഫോർമ ഇൻവോയ്സ് പ്രകാരം 50,878/-രൂപ (ചെക്ക് നം-4271331/29.9.21) നൽകി. ലാപ് ടോപ്പ് ലഭ്യമാക്കിയ Acer India Private Limited-3.4.22 തീയതിയിലെ PYSI 21062665-നമ്പർ ടാക്സ് ഇൻവോയ്സ് പ്രകാരം 18% G.S.Tഉൾപ്പെടെ 48,921.62/- രൂപ മാത്രമേ ലാപ് ടോപ്പിന്റെ വിലയായി നൽകേണ്ടതുള്ളൂ. ആയതിൻ പ്രകാരം ലാപ് ടോപ്പ് വാങ്ങിയയിനത്തിൻ 1,956/-രൂപ അധികം കെൽട്രോണിന് നൽകി. ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലാപ് ടോപ്പ് വാങ്ങുന്നതിനായി കെൽട്രോണിന് അധികം നൽകിയ 1,956/-രൂപ തിരികെ ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

എൻക്വയറി നം.13/9.3.23
നിരാകരണം – 1956/-രൂപ

1-15 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ രേഖകൾ ഹാജരാക്കിയില്ല.

2021-22 സാമ്പത്തിക വർഷത്തിൽ സീനിയർ വെറ്റിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയാണ് കന്നുകുട്ടി പരിപാലനം (89/21-22). ഈ പദ്ധതി പ്രകാരം 80 കന്നുകുട്ടികളെയാണ് എൻട്രോൾ ചെയ്തിട്ടുള്ളത്. പെരിനാട്, പനയം, പേരയം, കിഴക്കേ കല്ലട, മൺട്രോതുരുത്ത്, കുണ്ടറ, തൃക്കരുവ എന്നീ പഞ്ചായത്തുകളിൽ നിന്നാണ് ഈ പദ്ധതിയ്ക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്. ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | കന്നുകുട്ടി പരിപാലനം ( 89/21-22) |
|---|---|
| അടങ്കൽ | 10,00,000/-രൂപ ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )<br>10,00,000/-രൂപ ( ഗുണഭോക്തൃ വിഹിതം ) |
| ചെലവ് | 10,00,000/-രൂപ ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |

08.03.23 ൽ അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി സ്കീം നൽകിയ വിനിയോഗ സാക്ഷ്യപത്രം പ്രകാരം തുക വിനിയോഗിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പഞ്ചായത്ത് | എൻട്രോൾ ചെയ്ത കന്നുകുട്ടികൾ | നൽകിയ തുക (രൂപ) | വിനിയോഗിച്ച തുക(രൂപ) | വിനിയോഗിക്കാൻ അവശേഷിക്കുന്നത് (രൂപ) |
|---|---|---|---|---|
| പെരിനാട് | 10 | 1,25,000/- | 87,560/- | 37,440/- |
| കുണ്ടറ | 15 | 1,87,500/- | 1,12,353/- | 75,147/- |
| പനയം | 11 | 1,37,500/- | 95,413/- | 42,087/- |
| പേരയം | 11 | 1,37,500/- | 94,949/- | 42,551/- |
| മൺട്രോതുരുത്ത് | 11 | 1,37,500/- | 90,445/- | 47,055/- |
| തൃക്കരുവ | 11 | 1,37,500/- | 92,704/- | 44,796/- |
| കിഴക്കേ കല്ലട | 11 | 1,37,500/- | 89,314/- | 48,186/- |
| | | | ആകെ | 3,37,262/- |

പദ്ധതി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ഈയിനത്തിൽ ശേഷിക്കുന്ന 3,37,262/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുകയോ തുക തിരികെ ഈടാക്കിയോ തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം - 4/09.03.2023

തടസം - 3,37,262/-രൂപ (വെറ്റിനറി സർജൻ)

1-16 വജ്രജൂബിലി ഫെലോഷിപ്പ് കലാകാരൻമാർക്ക് ഫെലോഷിപ്പ് - മാനദണ്ഡങ്ങൾ പാലിച്ചില്ല.

| | |
|---|---|
| പദ്ധതി | എസ്.0064/22<br>ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിലേക്ക് വിന്യസിക്കപ്പെട്ട വജ്രജൂബിലി ഫെലോഷിപ്പ് കലാകാരൻമാർക്ക് ഫെലോഷിപ്പ്. |
| അടങ്കൽ | 40,000/-രൂപ (വികസന ഫണ്ട് ) |
| ചെലവ് | 40,000/-രൂപ (ബിൽ നം.4/21-22,10-11-21) |
| നിർവഹണം | സെക്രട്ടറി |

ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ അംഗീകരിക്കപ്പെട്ട പ്രതിഭാധനരായ കലാകാരൻമാർക്ക് വജ്രജൂബിലി ഫെലോഷിപ്പ് നൽകാനായിരുന്നു പദ്ധതി ലക്ഷ്യമാക്കിയിരുന്നത്. ഇതിനായി 4 കലാകാരൻമാരെ/കലാകാരികളെ തെരഞ്ഞെടുത്തു. രേഷ്മ. ആർ, മങ്കം. ആർ. എസ്, നിതിൻ. എസ്. കുമാർ, ബൈജു നാണു എന്നീ കലാകാരൻമാർക്ക്/കലാകാരികൾക്ക് 5,000/- രൂപ വീതം 2 മാസത്തേക്കാണ് ഫെലോഷിപ്പ് നൽകിയത്.

പരിശീലകരുടേയും പരിശീലനാർത്ഥികളുടേയും ഹാജർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ ബ്ലോക്ക് തല സമിതിയുടെ അവലോകന റിപ്പോർട്ട്, കലാ പരിശീലനത്തിനായി ഏതൊക്കെ കേന്ദ്രങ്ങൾ തെരഞ്ഞെടുത്തു, എത്ര ഏതൊക്കെ ദിവസങ്ങളിൽ പരിശീലനം നടത്തി എന്നീ രേഖകളും, കലാകാരൻമാരുടെ പദ്ധതി പ്രവർത്തനം, ഹാജർ തുടങ്ങിയവ പരിശോധിച്ച് ജില്ലാ കോ-ഓർഡിനേറ്റർ നൽകുന്ന റിപ്പോർട്ട്, സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ സാക്ഷ്യപ്പെടുത്തൽ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഹോണറേറിയം അനുവദിക്കാവുന്നത്. എന്നാൽ സാംസ്കാരിക വകുപ്പിന്റെ സാക്ഷ്യപത്രവും ജില്ലാ കോ-ഓർഡിനേറ്ററുടെ റിപ്പോർട്ടും അവലംബിച്ച് മാത്രമാണ് 2 മാസത്തെ ഹോണറേറിയം നൽകിയത്. മറ്റ് രേഖകൾ ലഭ്യമാക്കിയില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ

പരാമർശിത രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച 40,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 5/9-3-23

തടസ്സപ്പെടുത്തിയ തുക - 40,000/-രൂപ

1-17 സുഭിക്ഷകേരളം തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രോജക്ട് നമ്പർ 88/22

പ്രോജക്ട് സുഭിക്ഷ കേരളം-പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ

അടങ്കൽ - 2,00,000/-രൂപ (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് - 56,968/-രൂപ
നിർവഹണം -സെക്രട്ടറി

സുഭിക്ഷ കേരളം-പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകൽ എന്ന പ്രോജക്ടിനായി ബിൽ നമ്പർ 42/27-1-21 പ്രകാരം 41,468/-രൂപ കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തിന് നൽകിയിരുന്നു. സുഭിക്ഷ കേരളത്തിന്റെ എത്ര പദ്ധതിക്കാണ് തുക നൽകിയതെന്ന പ്രോജക്റ്റിൽ വ്യക്തമല്ല. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 41,468/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 41,468/-രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ 26/10-3-23

1-18 കുണ്ടറ താലൂക്ക് ആശുപത്രിയ്ക്ക് മരുന്നുകൾ വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ മരുന്നുകൾ വാങ്ങുന്നതിനായി അനുവദിച്ച തുകകൾക്കനുസൃതമായി മരുന്നുകൾ ലഭ്യമായതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം & പേര്, ഫണ്ട് ഇനം | തുക കൈപ്പറ്റിയ സ്ഥാപനം | ഇൻവോയ്സ് നമ്പർ | ട്രഷറി ബിൽ നം. തീയതി | നൽകിയ തുക ₹ | ലഭിച്ച മരുന്നുകളുടെ വില ₹ | ലഭിക്കാനുള്ള മരുന്നുകളുടെ വില ₹ |
|---|---|---|---|---|---|---|---|
| 1 | 39/20 കുണ്ടറ താലൂക്ക് ആശുപത്രിക്ക് മരുന്ന് വാങ്ങൽ മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | ഐ.എച്ച്.ഡി.ബി | 8029@N/2021/12/ 1-12-21 | 19/7-12-21 49/23-3-22 | 10,00,000/- 66521 | 767262.5/- | 299258.5 |
| | 41/22 ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ | ഐ.എച്ച്.ഡി.ബി | 8021@N/2021/12/ 1-12-21 | 30/3-2-22 | 74,912/- | 67,849.5/- | 7,062.5/- |
| | | | 8203@N/2022/1/ 20-1-22 | 29/3-2-22 | 1,29,064/- | 1,01,087/- | 27,977/- |
| | | | 8026@N/2022/1/ | 28/3-2-22 | 1,14,650/- | 97,843.5/- | 16,806.5/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 20-1-22 | | | | |
| | | | 8561@N/2022/3/ 16-3-22 | 47/23-3-22 | 1,23,582/- | 1,04,757/- | 18,825/- |
| 2 | 36/22 പാലിയേറ്റീവ് കെയർ -സെക്കന്ററി ഘട്ടം(മരുന്നുകൾ, ഉപകരണങ്ങൾ) വികസന ഫണ്ട് | ” | 8232@N/2022/2/ 23-2-22 | 41/26-2-22 | 60,000/- | 0 | 60,000/- |
| | | | 8383@N/2022/2/ 23-2-22 | 42/26-2-22 | 60,000/- | | 60,000/- |
| | | | 8381@N/2022/2 23-2-22 | 40/26-2-22 | 50,000/- | 0 | 50,000/- |
| | 72/22 കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ | | 7459@N/2022/2/ 22-6-21 | 5/10-8-21 | 1,05,312/- | 0 | 1,05,312/- |
| | | ആകെ | | | | | 6,45,241.5/- |

മരുന്നുകൾ ലഭിച്ചതിന്റെ വിവരം ബിൽ സ്റ്റോക്ക് രജിസ്റ്റർ സഹിതം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മരുന്ന ലഭ്യമാകാൻ ബാക്കി നിൽക്കുന്ന 6,45,241.5/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 8/9-3-23

തടസ്സപ്പെടുത്തിയ തുക - 6,45,241.5/-രൂപ

## 1-19 എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം എന്ന പ്രോജക്ട് 2017-18 സാമ്പത്തിക വർഷം മുതൽ ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്മെന്റ് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. ഈ പ്രോജക്ട് പ്രകാരം തുകകൾ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നില്ല. ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം നാളിതുവരെ പണികൾ പൂർത്തിയാക്കി അവസാന ഗഡു തുക കൈപ്പറ്റിയിട്ടില്ലാത്തവരുടെ വിവരം ചേർക്കുന്നു.

| ക്രമ നം. | പേര്, വിലാസം ശ്രീ/ശ്രീമതി | ആദ്യ ഗഡു അനുവദിച്ച തീയതി | ആകെ തുക (രൂപ) | 31.03.21 വരെ കൈപ്പറ്റിയ തുക(രൂപ) | ബാക്കി തുക (രൂപ) |
|---|---|---|---|---|---|
| 1 | ഷാജൻ.ജി, കാർത്തുഭവനം, ഞാറയ്ക്കൽ | 29.01.18 | 1,00,000/- | 50,000/- | 50,000/- |

| | | | | | |
|---|---|---|---|---|---|
| 2 | ഗീതകുമാരി, കളപ്പുറത്ത് കിഴക്കതിൽ, കോയിക്കൽമുറി | 29.01.18 | 1,00,000/- | 50,000/- | 50,000/- |
| 3 | ശിവകൈലാസ്, വർഷാലയം, തണ്ണിക്കോട്, മുളവന | 06.03.18 | 1,00,000/- | 50,000/- | 50,000/- |
| 4 | സജിത, കിഴക്കേക്കര വീട്, ൌൺവാർഡ്, ഈസ്റ്റ് കല്ലട | 06.03.18 | 1,00,000/- | 50,000/- | 50,000/- |
| 5 | അജിത് കുമാർ.ജി<br>നന്ദനം, കിടപ്ര തെക്ക്, മൺട്രോതുരുത്ത് | 19.12.18 | 2,00,000/- | 1,50,000/- | 50,000/- |
| 6 | സുഭാഷ്.ഡി<br>പുത്തൻവീട്ടിൽകിഴക്കതിൽ, കിടപ്രം , മൺട്രോതുരുത്ത് | 23.10.18 | 2,00,000/- | 1,50,000/- | 50,000/- |
| 7 | രഞ്ജിനി.ആർ<br>ലക്ഷംവീട്, പാമ്പായിൽ, പനയം | 26.10.19 | 2,00,000/- | 1,00,000/- | 1,00,000/- |
| 8 | സുജാത.എ, ശിവമന്ദിരം, പട്ടംതുരുത്ത്, മൺട്രോ തുരുത്ത് | 16.01.20 | 2,00,000/- | 50,000/- | 1,50,000/- |
| 9 | ഉഷ.സി, വിനായക്ഭവനം, ഇഞ്ചവിള, തൃക്കരുവ | 19.11.20 | 2,00,000/- | 50,000/- | 1,50,000/- |
| 10 | ഗിരീഷ്.ആർ<br>കുറ്റിയിൽ പുത്തൻവീട്, കൊട്ടുവിള, കിഴക്കേകല്ലട | 16.03.21 | 2,00,000/- | 50,000/- | 1,50,000/- |
| | | | ആകെ | 7,50,000/- | |

മേൽ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണ പുരോഗതി വിലയിരുത്തി പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്. പഠനമുറി നിർമ്മാണം പൂർത്തിയാക്കാൻ തയ്യാറാകാത്ത ഗുണഭോക്താക്കൾക്കായി കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് നാളിതുവരെ അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കേണ്ടതാണ്. ആകെ ചെലവഴിച്ച 7,50,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

തടസ്സപ്പെടുത്തുന്ന തുക – 7,50,000/-രൂപ

ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്മെന്റ് ഓഫീസർ

1-20 സ്പിൽ ഓവർ പ്രോജക്ടിന് പത്രപരസ്യം നൽകിയ ചെലവ് തുക നിരാകരിക്കുന്നു.

2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് പട്ടികജാതി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് നൽകൽ (പ്രോജക്ട് നം-133/21). ടി പദ്ധതി പ്രകാരം തൻവർഷത്തിൽ 310 ഗുണഭോക്താക്കൾക്ക് ആനുകല്യം നൽകി. തുടർന്ന് സ്പിൽ ഓവർ പ്രോജക്ടായി (പ്രോജക്ട് നം-59/22) 2021-22 വർഷത്തിൽ നടപ്പിൽ വരുത്തിയപ്പോൾ 29-12-2021 ലെ ദേശാഭിമാനി പത്രത്തിൽ ദർഘാസുകൾ ക്ഷണിക്കുന്നതിനായി വീണ്ടും വിൻഡോ പരസ്യം നൽകി 5,141/-(ചെക്ക് നം-4242360/22.1.22) രൂപ ചെലവഴിച്ചു. സ്പിൽ ഓവർ പ്രോജക്ടിന് വീണ്ടും പത്രപരസ്യം നൽകി തുക ചെലവഴിച്ചതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സ്പിൽ ഓവർ പ്രോജക്ടിന് വീണ്ടും പത്രപരസ്യം നൽകിയയിനത്തിലുള്ള 5,141/-രൂപ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ

നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം.22/ 9.3.23

നിരാകരണം - 5,141/-രൂപ

1-21 വാർഷിക ധനകാര്യ പത്രിക അന്തിമമാക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരിയെ നിയമിച്ച് വേതനം നൽകിയത് അംഗീകരിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വർഷത്തിലെ വാർഷിക ധനകാര്യ പത്രിക അന്തിമമാക്കുന്നതിന്റെ ഭാഗമായി സാംഖ്യ വെബ് സൈറ്റ് പെന്റിംഗ് ടാസ്ക് ഉപയോഗിച്ച് രേഖപ്പെടുത്താതെ പോയ രസീതുകൾ, പേയ്മെന്റുകൾ, ഹെഡ് മാറ്റങ്ങൾ, റിവേഴ്സ് എൻട്രികൾ എന്നിവ ചെയ്യുന്നതിന് ശ്രീമതി. രാജശ്രീ.ആർ, അനിൽ ഭവനം, പുന്തലത്താഴം എന്ന വ്യക്തിയെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചു. ടിയാൾക്ക് 25.6.21 മുതൽ 12.7.21 വരെയുള്ള കാലയളവിൽ 755/-രൂപ നിരക്കിൽ 10 ദിവസം ജോലി ചെയ്തതിന് 7,550/-രൂപ (ചെക്ക് നം-4749616/3.8.21) നൽകി. അക്കൌണ്ടന്റ്, ഐ.കെ.എം.എക്സ്പെർട്ട്, ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരുടെ സേവനം ബ്ലോക്ക് പഞ്ചായത്തിൽ ഉണ്ടായിരിക്കെ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരിയെ നിയമിച്ച് വേതനം നൽകിയതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിലെ ജീവനക്കാർ ചെയ്യേണ്ട പ്രവൃത്തിക്ക് ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരിയെ നിയമിച്ച് വേതനം നൽകിയ 7,550/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം.14/ 9.3.23

നിരാകരണം - 7,550/-രൂപ

1-22 മുറിച്ച മരം ലേലം ചെയ്ത് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നാളിതുവരെ മുതൽ കൂട്ടിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിൽ നിന്നിരുന്ന വലിയ മാവ് മുറിക്കുകയും, സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ വാല്യുവേഷൻ പ്രകാരം 11,254.20/-രൂപയിൽ കുറയാതെ നിയമാനുസൃതം ലേലം നടത്തുന്നതിന് ഗ്രാമവികസന കമ്മീഷണറുടെ 28.1.22 തീയതിയിലെ സി.ആർ.സി/880/21 എച്ച് & റ്റി2-നമ്പർ ഉത്തരവ് ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 7.3.22-തീയതിയിലെ 6(1) നമ്പർ കമ്മിറ്റി തീരുമാനപ്രകാരം ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. എന്നാൽ മരം നാളിതുവരെ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മുറിച്ച മരം എത്രയും വേഗം ലേലം ചെയ്ത് തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടി രേഖാമൂലം വിവരം അറിയിക്കേണ്ടതാണ്.

എൻക്വയറി നം.18/ 9.3.23

1-23 തുല്യതാ പഠനം - രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പദ്ധതി | എസ്.0016/21-22 10, +1, +2 - തുല്യത പഠിതാക്കൾക്ക് പഠന സഹായം. |
| അടങ്കൽ | 4,00,000/-രൂപ (വികസന ഫണ്ട് ) |
| ചെലവ് | 3,99,800/-രൂപ (ബിൽ നം.26/21-22, 18-2-22) |
| നിർവഹണം | സെക്രട്ടറി |

പത്താംതരം തുല്യതക്കായി 1,850/-രൂപ വീതവും, പ്ലസ് വൺ തുല്യതയ്ക്കായി 2,500/-രൂപ വീതവും, പ്ലസ് 2 തുല്യതയ്ക്കായി 2,200/-രൂപ വീതവും ആണ് പഠിതാക്കൾക്ക് പഠന സഹായം എന്ന നിലയിൽ നൽകുന്നത്. ഒന്നാം വർഷ ഹയർ സെക്കന്ററി തുല്യതയ്ക്ക് 60 അപേക്ഷകളും പത്താംതരം തുല്യതയ്ക്ക് 28 അപേക്ഷകളുമാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്ലസ് 2 തുല്യതയ്ക്ക് 90 പേരുടെ ലിസ്റ്റ് ഉണ്ടെങ്കിലും അപേക്ഷകൾ ഇല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

മറുപടിയായി ഹാജരാക്കിയ രേഖകളിൽ 26 ഗുണഭോക്താക്കൾ മറ്റു സ്ഥാപനങ്ങളിൽ നിന്നും പ്ലസ് വൺ തുല്യതയ്ക്കായി തുക ഒടുക്കിയവരാണ് എന്ന് കണ്ടെത്തി. മാത്രമല്ല പ്രസ്തുത ഗുണഭോക്താക്കൾ ആ സ്ഥാപനത്തിൽ നിന്നും പ്ലസ് 2 തുല്യതയ്ക്ക് തുക ഒടുക്കിയിട്ടില്ല എന്നു കാണിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 57,200/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ബാക്കി 64 എണ്ണത്തിൽ 14 പേരുടെ രേഖകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ. 50 പേരുടെ തുക ഒടുക്കിയത് എത് തദ്ദേശ സ്ഥാപനത്തിൽ നിന്നാണ് എന്നുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 1,10,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.അല്ലാത്തപക്ഷം ഈ ചെലവും സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ആഡിറ്റ് എൻക്വയറി നം.6/9-3-23
നിരാകരിക്കുന്ന തുക – 57,200/-രൂപ
തടസ്സപ്പെടുത്തുന്ന തുക – 1,10,000/-രൂപ

## 1-24 നേരിട്ട് നിർവഹണം നടത്തിയ പദ്ധതികളുടെ ചെലവുവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വിവിധ പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്തിന് വിഹിതം നൽകിയതിൽ നേരിട്ട് നിർവഹണം നടത്തിയ (ഗ്രാമപഞ്ചായത്തുകൾക്ക് അലോട്ട്മെന്റ് നൽകി നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകുന്നവ) പദ്ധതികളിൽ താഴെ പറയുന്നവയുടെ മുഴവൻ ചെലവുവിവരങ്ങളും ലഭ്യമാക്കിയില്ല.

| പ്രോജക്ട് | സുലേഖ പ്രകാരമുള്ള ചെലവ് (രൂപ) | ഓഡിറ്റിന് ഹാജരാക്കിയ ചെലവു വിവരങ്ങൾ (രൂപ) | ബാക്കി തുക (രൂപ) |
|---|---|---|---|
| ലൈഫ് -പി.എം.എ.വൈ. പാർപ്പിട ഭവനപദ്ധതികൾക്കുള്ള വിഹിതം എസ്.സി.പി. | 12,72,236/- | 10,92,236/- | 1,80,000/- |
| ലൈഫ് -പി.എം.എ.വൈ. പാർപ്പിട ഭവനപദ്ധതികൾക്കുള്ള വിഹിതം – ജനറൽ | 43,38,223/- | 40,18,223/- | 3,20,000/- |

മേൽ സൂചിപ്പിച്ചിരിക്കുന്ന ബാക്കി തുകയുടെ നേരിട്ടുള്ള ചെലവിന്റെ സുലേഖാ ബിൽ (3/22) ഹാജരാക്കിയെങ്കിലും ആയത് ഏത് പഞ്ചായത്തിന് ആണ് നൽകിയിരിക്കുന്നത് എന്ന് രേഖപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ഇന്റഗ്രേറ്റഡ് പ്രോജക്ടിന്റെ ലിസ്റ്റിലും ഈ തുക ഉൾപ്പെട്ടുവന്നിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ രേഖകൾ ലഭ്യമാക്കാതിരുന്ന 5,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 25/10-3-23

തടസ്സപ്പെടുത്തിയ തുക - 5,00,000/-രൂപ

## 1-25 ഭവനപദ്ധതികൾ പണി പൂർത്തീകരിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവനപദ്ധതികളിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട്, നമ്പർ | ഗുണഭോക്താവിന്റെ പേര് | നാളിതുവരെ കൈപ്പറ്റിയ തുക (രൂപ) |
|---|---|---|
| പി.എം.എ.വൈ അധികവിഹിതം | വിജയചന്ദ്രൻ | 1,60,000/- |

| | | |
|---|---|---|
| ധനസഹായം 65/22 | | |
| പി.എം.എ.വൈ ആവാസ് പ്ലസ് 108/22 | അജയശ്രീ | 48,000/- |
| | സ്മിത | 1,28,000/- |
| | ശാലിനി | 2,08,000/- |
| | ലതിക | 48,000/- |

ആയതിന് മേൽ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ ഗുണഭോക്താക്കളെ കൊണ്ട് വീട്ട പണി പൂർത്തീകരിപ്പിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 23/10-3-23

1-26 വെറ്റിംഗ് ഓഫീസർ നിരസിച്ച പദ്ധതി നടപ്പിലാക്കി.

വെറ്റിംഗ് ഓഫീസർ നിരസിച്ച താൽക്കാലിക പാരാമെഡിക്കൽ ജീവനക്കാർക്ക് വേതനം എന്ന പദ്ധതി നടപ്പിലാക്കി തുക ചെലവഴിച്ചു.

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

പ്രോജക്ട് നമ്പർ - 42/22

പ്രോജക്ട് – താൽക്കാലിക പാരാമെഡിക്കൽ ജീവനക്കാർക്ക് വേതനം

ആകെ ചെലവ് - 4,63,385/-രൂപ

കുണ്ടറ താലൂക്ക് ആശുപത്രിയിൽ ബ്ലോക്ക് പഞ്ചായത്ത് താൽക്കാലികമായി നിയമിച്ച നഴ്സമാർക്ക് വേതനം നൽകാനായി ആവിഷ്കരിച്ച പ്രോജക്ട് വെറ്റിംഗ് ഓഫീസർ ആയ ഡോ. ശ്രീലത അംഗീകാരം നൽകാതെ നിരസിച്ചിരുന്നു. തനതുഫണ്ടായി 4,08,000/-രൂപ അടങ്കൽ ആയി തയ്യാറാക്കിയ പദ്ധതി വെറ്റിംഗ് ഓഫീസർ നിരസിച്ചിട്ടും നടപ്പിലാക്കി തുക നൽകി. എപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ രണ്ടു നഴ്സമാർക്കും നവംബർ മാസം നാലു പേർക്കും ഡിസംബർ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ മൂന്നുപേർക്കുമാണ് ശമ്പളം നൽകിയിരിക്കുന്നത്. ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ശമ്പള വിവരങ്ങൾ | ചെക്ക് നമ്പർ, തീയതി | തുക(രൂപ) |
|---|---|---|---|
| എപ്രിൽ | ഷീജാ പീറ്റർ 17,000/-<br>രോഹിണി 17,000/- | 6294782/2-7-21 | 68,000/- |
| മെയ് | ഷീജാ പീറ്റർ 17,000/-<br>രോഹിണി 17,000/- | | |
| ജൂൺ | ഷീജാ പീറ്റർ 17,000/-<br>രോഹിണി 17,000/- | 6294783/<br>14-8-21 | 34,000/- |
| ജൂലായ് | ഷീജാ പീറ്റർ 17,000 + 2750/-<br>രോഹിണി 17,000 + 2750/- | 6294784/<br>8-9-21 | 39,500/- |
| ആഗസ്റ്റ് | ഷീജാ പീറ്റർ 17,000/-<br>രോഹിണി 17,000/- | 6294786/<br>20-9-21 | 34,000/- |
| സെപ്റ്റംബർ | ഷീജാ പീറ്റർ 17,000/-<br>രോഹിണി 17,000/- | 6294788/<br>29-10-21 | 34,000/- |
| ഒക്ടോബർ | ഷീജാ പീറ്റർ 17,000/-<br>രോഹിണി 17,000/- | 6294789/<br>19-11-21 | 34,000/- |
| നവംബർ | ഷീജാ പീറ്റർ 17,000/- | 6294790/ | 67,433/- |

| | | | |
|---|---|---|---|
| | രോഹിണി 17,000/-<br>വിജി ജോസ്- 16,433/-<br>ബിനിതാ വർഗ്ഗീസ് 17,000/- | 13-12-21 | |
| ഡിസംബർ | ഷീജാ പീറ്റർ 17,000/-<br>രോഹിണി 16,452/-<br>ബിനിതാ വർഗ്ഗീസ് 17,000/- | 6294792/<br>25-1-22 | 50,452/- |
| ജനവരി | ഷീജാ പീറ്റർ 17,000/-<br>രോഹിണി 17,000/-<br>ബിനിതാ വർഗ്ഗീസ് 17,000/- | 6294793/<br>19-2-22 | 51,000/- |
| ഫെബ്രുവരി | ഷീജാ പീറ്റർ 17,000/-<br>രോഹിണി 17,000/-<br>ബിനിതാ വർഗ്ഗീസ് 17,000/- | 6294795/<br>10-3-22 | 51,000/- |

എത് ഗവൺമെന്റ് ഉത്തരവിന് അനുസരിച്ചാണ് താൽക്കാലിക പാരാമെഡിക്കൽ ജീവനക്കാരെ നിയമിച്ചിട്ടുള്ളത് എന്നും എത്ര പേരെ നിയമിക്കാനാണ് തീരുമാനിച്ചിരുന്നത് എന്നും വ്യക്തമാക്കിയിട്ടില്ല. ആദ്യമാസങ്ങളിൽ രണ്ടു പേരെയും തുടർന്ന് മൂന്ന്, നാലു പേരെയും ആണ് നിയമിച്ചത്. ആയതിന്റെ നടപടിക്രമങ്ങളോ കമ്മിറ്റി തീരുമാനമോ ഹാജരാക്കിയിട്ടില്ല. വെറ്റിംഗ് ഓഫീസർ പ്രോജക്ട് നിരസിച്ചതിന്റെ കാരണവും വെറ്റിംഗ് ഓഫീസർ പ്രോജക്ട് നിരസിച്ചതിനു ശേഷം പ്രോജക്ട് നടപ്പിലാക്കിയതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 4,63,385/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 24/10-3-23

നിരാകരിച്ച തുക - 4,63,385/-രൂപ

1-27 വാർഷികപദ്ധതി പ്രകാരമുള്ള പ്രോജക്ടുകളുടെ ചെലവ് വിവരം ഉൾപ്പെടുന്ന സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ബാങ്ക് അക്കൗണ്ടിൽ നിന്നും വിവിധ പ്രോജക്ടുകൾക്കായി നടത്തിയ ചെലവുകൾ ഉൾപ്പെട്ടുകാണുന്നില്ല.

വാർഷികപദ്ധതി പ്രകാരമുള്ള പ്രോജക്ടുകളുടെ ചെലവ് വിവരം ഉൾപ്പെടുന്ന സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ തനത്ഫണ്ടിൽനിന്നും വിവിധ പ്രോജക്ടുകൾക്കായി നടത്തിയ ചെലവുകൾ ഉൾപ്പെട്ടുകാണുന്നില്ല. പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് | ഇനം | സുലേഖ പ്രകാരമുള്ള ചെലവ് | ബിൽ പ്രകാരമുള്ള ചെലവ് |
|---|---|---|---|
| പി.എം.എ.വൈ അധികവിഹിതം ധനസഹായം 65/22 | ഗ്രാമപഞ്ചായത്ത് വിഹിതം | 0 | 7,00,000/- |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 9,80,000/- | 11,76,000/- |
| | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 0 | 5,96,750/- |

| | | | |
|---|---|---|---|
| പി.എം.എ.വൈ അധികവിഹിതം ധനസഹായം 66/22 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 0 | 2,24,000/- |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 1,96,000/- | 2,94,000/- |

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നിർഹണം നടത്തിയ ലാബ് റീ എജന്റ് വാങ്ങൽ എന്ന പ്രോജക്ട് സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല. പ്രോജക്ടുകളുടെ ചെലവ് വിവരം ഉൾപ്പെടുത്താത്തതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.
അഡിറ്റ് എൻക്വയറി നം-28/10-3-23

1-28 ബിൽ തുക കണക്കാക്കിയതിലെ അപാകത - അധിക ചെലവ്

പ്രോജക്ട് നം.139/21
ബ്ലോക്ക് പഞ്ചായത്ത് ഓഫിസിലെ ടോയിലെറ്റുകളുടെ അറ്റകുറ്റപണികൾ
വികസന ഫണ്ട് - 7,00,000/- രൂപ
ചെലവ് - 4,09,186/-രൂപ
കരാറുകാരൻ -ശ്രീ. നംഷാദ്
മേൽ പ്രോജക്ടിനു 20-21 വർഷത്തിൽ പാർട്ട് ബിൽ തുകയായി 2,93,201/- രൂപ നികുതിയുൾപ്പെടെ നൽകിയിരുന്നു. 21-22 സാമ്പത്തിക വർഷത്തിൽ ഫൈനൽ ബിൽ തുകയായി 1,15,985/-രൂപ ബിൽ നം. 6/10-2-22 പ്രകാരം നൽകിയിരിക്കുന്നു. ബിൽ കണക്കാക്കിയതിലെ അപാകത മൂലം 19364/-രൂപയുടെ അധിക ചെലവുണ്ടായി. ഈ അധിക ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

| നൽകിയതുക | | നൽകാവുന്ന തുക | |
|---|---|---|---|
| ഫൈനൽ ബില്ലിൽ കണക്കിലെടുത്തിരിക്കുന്ന പ്രവൃത്തിമൂല്യം | 3,65,345.39/- | Mbook നം. 8/20 - 21 പ്രകാരം പ്രവൃത്തിമൂല്യം - ഫൈനൽ ബിൽ തുക - | 3,48,055.12/- |
| 12% ടാക്സ് തുക | 43,841.4/- | നികുതി 12% | 41,766.6/- |
| ആകെ | 4,09,187/- | ആകെ | 3,89,821.7/- |
| പാർട്ട് ബിൽ നൽകിയ തുക | 2,93,201/- | പാർട്ട് ബിൽ നൽകിയ തുക | 2,93,201/- |
| ബാലൻസ് - | 1,15,985/- | ബാലൻസ് - | 96,621/- |
| അധികം നൽകിയ തുക | | | 19,364/- |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 1/6-3-23 ന തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തി അറിയിക്കുന്നതാണെന്നറിയിച്ചു.
നിരാകരണം - 19,364/- രൂപ

1-29 സബ്സിഡി മാർഗരേഖക്കു വിരുദ്ധമായി തുക നൽകി.

വ്യവസായ വികസന ഓഫീസർ നിർവഹണോദ്യോഗസ്ഥനായ പ്രോജക്ട് നം.10/22 പ്രകാരം 8,00,000/-രൂപ വികസന ഫണ്ട് വകയിരുത്തിയ വ്യവസായ പുനരുജ്ജീവനവും ശാക്തീകരണവും എന്ന പദ്ധതി പ്രകാരം 16 വ്യക്തിഗത സംരംഭകർക്ക് ആനുകൂല്യം നൽകി. കോവിഡ് കാലത്ത് പ്രവർത്തനം നിലച്ച സംരംഭകർക്ക് മൂലധന സഹായമായാണ് വായ്പാ അധിഷ്ഠിതമായി ധനസഹായം നൽകിയത്.
10,000/- രൂപ വ്യക്തിഗത മൂലധനവും 50,000/- രൂപ ബാക്ക് എൻഡ് സബ്സിഡി എന്ന നിലയിലും 40,000/- രൂപ സംരംഭക ലോൺ എന്നയിനത്തിലും ഉൾപ്പെടുത്തി ഒരു ലക്ഷം രൂപ മൂലധന പ്രവർത്തന മൂലധനം നൽകുന്നതായിരുന്നു പദ്ധതി.
പദ്ധതി മാർഗരേഖ ഖ. 6.4 .1. പ്രകാരം വ്യക്തിഗത സ്വയം തൊഴിൽ സംരംഭകർക്ക് 50% നിജപ്പെടുത്തി

പരമാവധി നൽകാവുന്ന സബ്സിഡി 40,000/- രൂപയാകുന്നു. വനിത സംരംഭകർക്ക് 50,000/- രൂപയും നൽകാവുന്നതാണ്. എന്നാൽ ലിംഗവ്യത്യാസം കണക്കിലെടുക്കാതെ എല്ലാ സംരംഭകർക്കും 50,000/- രൂപ വീതം സബ്സിഡി നൽകി. സബ്സിഡി മാനദണ്ഡത്തിനു വിരുദ്ധമായ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

| ക്രമ നം | സ്ഥാപനം | ഗുണഭോക്താവ് | നൽകിയ തുക (രൂപ) | നൽകാവുന്ന തുക (രൂപ) | അധികം (രൂപ) |
|---|---|---|---|---|---|
| 1 | ലക്ഷമി സിമന്റ് ബ്ളോക്ക്-ഈസ്റ്റ് കല്ലട ഗ്രാമ പഞ്ചായത്ത് | മദനൻ പിള്ള | 50,000/-ബിൽ നം3/28-2-22 | 40,000/- | 10,000/- |
| 2 | ആർ.ആർ അലൂമിനിയം ഫാബ്രിക്സ് വർക്ക്-പനയം ഗ്രാമ പഞ്ചായത്ത് | രാജീവ് | 50,000/-ബിൽ നം 9/26-3-22 | 40,000/- | 10,000/- |
| 3 | J.k Steel Techചാത്തി നാം കുളം-പനയം ഗ്രാമ പഞ്ചായത്ത് | ഹാഷീം | 50,000/-ബിൽ നം 9/26-3-22 | 40,000/- | 10,000/- |
| 4 | അശ്വതി ബ്രിക്സ്-മൺട്രോത്തുരുത്ത് ഗ്രാമ പഞ്ചായത്ത് | ദാസൻ | 50,000/-ബിൽ നം 6/3-2-22 | 40,000/- | 10,000/- |
| 5 | തുപ്പാശേരി ബ്രിക്സ്-മൺട്രോത്തുരുത്ത് ഗ്രാമ പഞ്ചായത്ത് | യശോധരൻ | 50,000/-ബിൽനം2 /3-2-22 | 40,000/- | 10,000/- |
| 6 | തങ്ക പുരം ഇൻഡസ്ട്രീസ്-പെരിനാട് ഗ്രാമ പഞ്ചായത്ത് | പ്രേമചന്ദ്രൻ- | 50,000/-ബിൽ നം 5/28-2-22 | 40,000/- | 10,000/- |
| 7 | തോംസൺ എൻജിനീറിംഗ് വർക്സ്-പേരയം ഗ്രാമ പഞ്ചായത്ത് | -ചാൾസ് | 50,000/-ബിൽ നം 5/28-2-22 | 40,000/- | 10,000/- |
| 8 | ലിമ്റാസ് ഗ്രാഫിക്സ്-ഞാറയ്ക്കൽ--തൃക്കരുവ ഗ്രാമപഞ്ചായത്ത് | കബീർ- | 50,000/-ബിൽ നം 9/26-3-22 | 40,000/- | 10,000/- |
| | | ആകെ | | | 80,000/- |

സബ്സിഡി ഇനത്തിൽ അധികം നൽകിയ തുക 80,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം -3/7-3-23

നിരാകരണം – 80,000/-രൂപ

1-30 രേഖകൾ ഹാജരാക്കിയില്ല - ചെലവു തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം. 43/22

കുണ്ടറ താലൂക്ക് ആശുപത്രിയുടെ ദൈനം ദിന ചെലവുകൾ

അടങ്കൽ – 17,00,000/-രൂപ

മേൽ പ്രോജക്റ്റ് ബിൽ നം. 50/23.3.22 പ്രകാരം 2,99,755/- രൂപ വിവിധ സാധനങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ടി ബില്ലിന്റെ ചെലവു സ്റ്റേറ്റ്മെന്റ് ക്രമ നം. 4 പ്രകാരം X - Ray Film വാങ്ങിയതിനു ദളവിയ എന്റർപ്രൈസസ്-തിരുവനന്തപുരത്തിനു 17,313/- രൂപ നൽകിയിരിക്കുന്നു. എന്നാൽ

ചെലവിനാധാരമായ സ്ഥാപനത്തിന്റെ ബിൽ ഹാജരാക്കിയില്ല.

ചെലവു സ്റ്റേറ്റുമെന്റ് 12 മുതൽ 16 വരെ ഇമേജിനു 26,456/- രൂപ നൽകിയിരിക്കുന്നു. എന്നാൽ സ്ഥാപനത്തിന്റെ ബിൽ പ്രകാരം ചെലവു തുക 17,040/- രൂപ മാത്രമാണ്. 9 416/-രൂപയുടെ ചെലവു രേഖകൾ ഹാജരാക്കിയില്ല. ആയതിനാൽ ഈ ഇനങ്ങളിലെ ചെലവ്തുക 26,729/-രൂപ (17,313 + 9,416) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടിയായി ഹാജരാക്കിയ ബിൽ പകർപ്പുകൾ തടസ്സതുകയുമായി ബന്ധപ്പെട്ടയല്ലാത്തതിനാൽ അംഗീകരിക്കുന്നില്ല. ചെലവു രേഖകൾ പരിശോധനക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്

എൻക്വയറി നം.29/10-3-23

തടസ്സം-26,729 രൂപ

1-31 പ്ലാസ്റ്റിക് ബെയിലിംഗ് യൂണിറ്റ് - ലക്ഷങ്ങൾ ചെലവഴിച്ചിട്ടും നാളിതുവരെ പ്രവർത്തിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്ലാസ്റ്റിക് ബെയിലിംഗ് യൂണിറ്റ് എന്ന പദ്ധതിയ്ക്കായി 19,77,504/-രൂപാ ചെലവഴിച്ച് സ്ഥാപിച്ച ആർ.ആർ.എഫ് ഭൗതിക സാഹചര്യങ്ങൾ എല്ലാം ഒരുക്കിയെങ്കിലും (Resource Recovery Facilitation Centre) നാളിതുവരെ തുറന്ന് ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

ഈ പദ്ധതിയുടെ ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് | ആകെ ചെലവ് |
|---|---|---|
| സെക്രട്ടറി | ആർ.ആർ.എഫ് മെഷ്യൻ വാങ്ങലും അനുബന്ധസജ്ജീകരണങ്ങൾ ഒരുക്കലും | 8,08,500/-<br>(2021-22)<br>4,60,613/-<br>(2022-23) |
| അസിസ്റ്റന്റ് എഞ്ചിനീയർ | ആർ.ആർ.എഫ് കെട്ടിടനിർമ്മാണം | 7,08,391/- |

ആർ.ആർ.എഫ് മെഷ്യൻ വാങ്ങലും അനുബന്ധസജ്ജീകരണങ്ങൾ ഒരുക്കലും എന്ന പ്രോജക്ട് പ്രകാരം ഉള്ള ചെലവ് താഴെ പറയും പ്രകാരം ആണ്.

| ഇനം | വിതരണം ചെയ്തു, സ്ഥാപിച്ച സ്ഥാപനം | ഇൻവോയ്സ് നമ്പർ | തുക(രൂപ) | ബിൽ നമ്പർ |
|---|---|---|---|---|
| ബെയിലിംഗ് മെഷ്യൻ | ക്ലീൻ കേരള കമ്പിനി | 20/18-1-22 | 5,56,500/- | XVFC/2021-22 /P/1225/1/22- |
| ഡസ്റ്റ് റിമൂവർ | ക്ലീൻ കേരള കമ്പിനി | 34/3-3-22 | 2,52,000/- | XVFC/2021-22 /P/25,26/3/22 |
| ഇലക്ട്രിഫിക്കേഷൻ | ആർ.കെ. ഇലക്ട്രിക്കൽസ് , ടെണ്ടർ | - | 75,133/- | XVFC/2022-23 /P/20,1-9-22 |
| ത്രീഫേസ് ആന്റ് സി.യു.ജി മീറ്റർ സ്ഥാപിക്കൽ | സതീഷ് കുമാർ ടെണ്ടർ | - | 97,140/- | XVFC/2022-23 /P/21,1-9-22 |
| സ്റ്റീൽ ഇനങ്ങൾ വാട്ടർ പ്യൂരിഫയർ | സിഡ്കോ | PRF SSEKLM/P1 /21-22 /643/14-3-22 | 82,280/- | XVFC/2022-23/P/3, 13-6-22 |
| വെയിംഗ് മെഷ്യൻ | വെസ്റ്റേൺ | 296/24-3-22 | 10,000/- | XVFC/2022-23/P/3, |

| | | | | |
|---|---|---|---|---|
| | സ്കെയിൽസ് &സിസ്റ്റംസ് | | | 13-6-22 |
| പ്ലാസ്റ്റിക് റോപ്പ് 500KG<br>പ്ലാസ്റ്റിക് കുട്ട 10 | ന്യൂസ്റ്റോർ ,കുണ്ടറ | G-14897/30-3-22<br>G-ഇൻവോയ്സ് നമ്പർ വ്യക്തമല്ല/2-4-22 | 99,500/- | XVFC/2022-23/P/3, 13-06-2022 |
| ഫയർ എക്സിറ്റിങ്ഗ്യൂഷർ | ഊർജ്ജം കൺസെപ്റ്റസ് | URM/21-22095/ 26-3-22 | 5,251/- | XVFC/2022-23 /P/3,13-6-2022 |
| ഇരുമ്പ് ഇനങ്ങൾ (ഡസ്ക്ക് , ബഞ്ച്, സ്റ്റൂൾ) | പവനൻ , ടെണ്ടർ | - | 64,724/- | XVFC/2022-23/P/3, 13-6-22 |
| കെ.എസ്.ഇ.ബി | | | 12,980/- | XVFC/2022-23/P/3, 13-6-22 |
| മറ്റിനം | | | 760/- | XVFC/2022-23/P/9, 18-6-22 |

പ്ലാസ്റ്റിക് ബെയിലിംഗ് യൂണിറ്റ് മെഷ്യൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവർത്തിപ്പിച്ചിട്ടില്ലാത്തതിന് കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ബ്ലോക്ക് പഞ്ചായത്തുകളിൽ ആർ.ആർ.എഫ്. സംവിധാനം സ്ഥാപിക്കണമെന്നുള്ള ഗവൺമെന്റ് നിർദ്ദേശത്തെ തുടർന്ന് കെട്ടിടം നിർമ്മിച്ച് അനുബന്ധസൌകര്യങ്ങൾ ഒരുക്കി.എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉള്ള എഴ് ഗ്രാമപഞ്ചായത്തുകളിൽ നാല് എണ്ണത്തിന് സ്വന്തമായി ആർ.ആർ .എഫ് ഉള്ളതിനാലും ബാക്കി മൂന്ന് പഞ്ചായത്തുകളിൽ നിലവിൽ പ്ലാസ്റ്റിക് മാലിന്യം തരം തിരിക്കാതെ ക്ലീൻ കേരളാ കമ്പിനി കൊണ്ടു പോകുന്നതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആർ ആർ.എഫിൽ പ്ലാസ്റ്റിക് മാലിന്യം ഗ്രാമപഞ്ചായത്തിൽ നിന്നും എത്തിക്കുന്നില്ല. ആയതിനെ തുടർന്ന് ശുചിത്വമിഷൻ ജില്ലാ കോഓർഡിനേറ്റർ , ഹരിത കേരളാ മിഷൻ കോ ഓർഡിനേറ്റർ വിവിധ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ , സെക്രട്ടറിമാർ എന്നിവരുടെ നേതൃത്വത്തിൽ ആർ.ആർ.എഫ് ക്ലീൻകേരളാ കമ്പിനി നേരിട്ട് നടത്തുന്നതിന് തീരുമാനമായി . ഇതിനുവേണ്ടി നിരവധി തവണ ക്ലീൻ കേരളാ കമ്പിനിയുമായി ബന്ധപ്പെട്ടിരുന്നുവെങ്കിലും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് ആർ.ആർ.എഫ് കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തിന് കൈമാറാനാണ് നിർദ്ദേശം ലഭിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് കമ്മിറ്റിയിൽ ഈ വിഷയം പരിഗണിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെയും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെയും അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. 14-2-23 തീയതിയിലെ 8(1) നമ്പർ തീരുമാനപ്രകാരം വൈദ്യുതി കണക്ഷൻ താൽക്കാലികമായി വിഛേദിക്കാൻ തീരുമാനിച്ചിരുന്നുവെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

പ്രസ്തുത പദ്ധതിയ്ക്കായി ക്ലീൻ കേരള കമ്പിനിയുടെ 3-3-22 തീയതിയിലെ 34 നമ്പർ ഇൻവോയ്സ് പ്രകാരം ഡസ്റ്റ് റിമൂവറിനായി 2,52,000/-രൂപ 3-3-22 നൽകിയിരുന്നുവെങ്കിലും നാളിതുവരെ ആയത് ലഭ്യമായിട്ടില്ലാത്തതിന് സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ഡസ്റ്റ് റിമൂവർ ഉടൻ ലഭ്യമാക്കുന്നുവെന്ന മറുപടി ആണ് നൽകിയത്. നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2,52,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കുകയോ ഡസ്റ്റ് റിമൂവർ ലഭ്യമാക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

നിലവിൽ ആർ.ആർ.എഫ് നിഷ്ക്രീയാസ്തി ആയി നിലനിൽക്കുന്നതിനാൽ 2021-22 വർഷം ഈ

പദ്ധതിയ്ക്കായി ചെലവഴിച്ച 8,08,500/-രൂപയിൽ നിരാകരിച്ച 2,52,000/- രൂപാ കഴിച്ച് ബാക്കി 5,56,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആർ.ആർ.എഫ് പ്രവർത്തനം ആരംഭിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.7/9-3-22

നിരാകരണം-252000രൂപ

തടസം-556500രൂപ

1-32 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് നൽകൽ - ക്രമവിരുദ്ധമായി പദ്ധതി നടപ്പിലാക്കി.

പട്ടികജാതി വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതിയാണ് പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് നൽകൽ (59/21-22 ). ആയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് നൽകൽ( 59/21-22 ) |
| അടങ്കൽ | 2,70,000/-( ഗുണഭോക്തൃ വിഹിതം ) |
| ചെലവ് | 1,20,000/- ( ചെക്ക് നമ്പർ.0807/20.05.22 ) |

ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 500 ലിറ്റർ ISI മാർക്കോട് കൂടിയതും, ഗുണമേന്മയുള്ളതും, ഡബിൾ ലയറോടുകൂടിയതും (വെർജിൻ മെറ്റീരിയൽ) ആയ പി.വി.സി വാട്ടർടാങ്കിനായി പട്ടികജാതി വികസന ഓഫീസറുടെ 27.12.2021 ലെ സി/ 1497/21 നമ്പരായി ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ ടെണ്ടറുകളിൽ നിന്നും ഏറ്റവും കുറഞ്ഞ തുകയായ 3200/-രൂപ ക്വാട്ട് ചെയ്ത പ്രീമിയർ പോളിമേഴ്സ് പൈപ്പ്സ് പ്രൈവറ്റ് ലിമിറ്റഡ് , പള്ളാടം, തിരുപ്പൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നതിനും ടി സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിന് പട്ടികജാതി വികസന ഓഫീസറെ ചുമതലപ്പെടുത്താനും 18.01.22 ലെ കമ്മിറ്റിയുടെ II(9)-ാം തീരുമാനപ്രകാരം ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്.എന്നാൽ അങ്ങനെയൊരു കരാർ പരിശോധനക്കു ലഭ്യമാക്കിയിട്ടില്ല.

ഇതിനായി 35 ഗുണഭോക്താക്കളിൽ നിന്നും 800/- രൂപ വീതം ഗുണഭോക്തൃ വിഹിതം ഈടാക്കുകയും ചെയ്തു.

പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് നൽകൽ( 59/21-22 ) സ്പിൽ ഓവർ പദ്ധതിയിൽ 2,70,000/-രൂപയാണ് ഗുണഭോക്തൃ വിഹിതമിനത്തിൽ വകയിരുത്തിയിട്ടുള്ളതെന്നും 2021-22 സാമ്പത്തിക വർഷത്തിൽ 50 ടാങ്കുകൾ പ്രീമിയർ പോളിമേഴ്സ് പൈപ്പ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം വിതരണം ചെയ്തിട്ടുണ്ടെന്നും, ആയതിന് ഒരു ടാങ്കിന് 3200/-രൂപ നിരക്കിൽ 1,60,000/- രൂപ നൽകേണ്ടതുണ്ടെന്നും അതിൽ 800/- രൂപ (25%) നിരക്കിൽ 40,000/-രൂപ നടപ്പുവർഷത്തെ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടതുണ്ടെന്നും ടി 40,000/-രൂപ ഒഴികെ 1,20,000/-രൂപ ടി സ്ഥാപനത്തിന് നൽകേണ്ടതുണ്ടെന്നും ആയതിനാൽ പ്രീമിയർ പോളിമേഴ്സ് പൈപ്പ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 1,20,000/- രൂപ അനുവദിക്കണമെന്ന് 30.03.2022 ലെ സി. 1497/21ാം കത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയോട് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചെക്ക് നമ്പർ.0807/20.05.22 പ്രകാരം 1,20,000/- രൂപ പ്രീമിയർ പോളിമേഴ്സ് പൈപ്പ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി എസ് സി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നല്കുന്നതിനുള്ള പ്രോജക്ട് (നം. 133) 2020-21 ൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വികസനഫണ്ട് (എസ്.സി.പി.) 8,10,000/- രൂപയും ഗുണഭോക്തൃവിഹിതമിനത്തിൽ 2,70,000/- രൂപയും ഉൾപ്പെടെ ആകെ 10,80,000/- രൂപ വകയിരുത്തിയ പദ്ധതി പ്രകാരം വികസനഫണ്ട് (എസ്.സി.പി.) ഇനത്തിൽ 8,10,000/-

രൂപ 20-21 വർഷത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഒരു ടാങ്കിന് ₹2,850/- നിരക്കിൽ സപ്ളൈ ചെയ്യുന്നതിന് "വിക്ടോറിയ പോളി ഫോം, കൈപ്പള്ളി, തൃശ്ശൂർ" എന്ന സ്ഥാപനത്തെ 2020-21 ൽ തെരഞ്ഞെടുത്തിരുന്നു. തുടർന്ന് ഈ പദ്ധതി ഗുണഭോക്തൃവിഹിതത്തിലെ 270000 രൂപ മാത്രം അടങ്കൽ വകയിരുത്തി സ്പിൽ ഓവറായി 2021-22 ൽ ( 59/21-22 ) ൽ നടപ്പിലാക്കിയപ്പോൾ വീണ്ടും ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ തുകയായ 3200/-രൂപ ക്വാട്ട് ചെയ്ത പ്രീമിയർ പോളിമേഴ്സ് പൈപ്പ്സ് പ്രൈവറ്റ് ലിമിറ്റഡ് , പള്ളാടം, തിരുപ്പൂർ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. ഒരേ പദ്ധതി പ്രകാരം വാട്ടർടാങ്ക് വിതരണം ചെയ്യുന്നതിനായി 2020-21 ലും 2021-22ലുമായി രണ്ട് തവണയാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. 2020-21 ൽ ടെണ്ടർ ഉറപ്പിച്ച നൽകിയ സ്ഥാപനത്തെ ഒഴിവാക്കികൊണ്ട് 2021-22 ൽ പദ്ധതി സ്പിൽ ഓവറായി നടപ്പിലാക്കിയപ്പോൾ വീണ്ടും ടെണ്ടർ ക്ഷണിച്ച് പദ്ധതി നടപ്പിലാക്കിയത് അംഗീകരിക്കുന്നില്ല.

2. 2020-21 സാമ്പത്തിക വർഷത്തിൽ ഒരു ഗുണഭോക്താവിൽ നിന്ന് ₹720/-രൂപ ഗുണഭോക്തൃവിഹിതമിനത്തിൽ ഈടാക്കി 310 ഗുണഭോക്താക്കൾക്കാണ് ടാങ്കുകൾ വിതരണം ചെയ്തിട്ടുള്ളത്. 2021-22 സാമ്പത്തിക വർഷത്തിൽ 800/-രൂപ ഗുണഭോക്തൃവിഹിതമിനത്തിൽ ഈടാക്കി 35 ഗുണഭോക്താക്കൾക്കാണ് വിതരണ രജിസ്റ്റർ പ്രകാരം ടാങ്കുകൾ വിതരണം ചെയ്തിട്ടുള്ളത്. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം 120000 രൂപ ചെലവായി കാണിച്ചിട്ടുണ്ടെങ്കിലും തുക നൽകിയിരിക്കുന്നത് 2022-23 വർഷത്തിലാണ് (ചെക്ക് നമ്പർ 0807/20.05.2022)

3. പ്രീമിയർ പോളിമേഴ്സ് പൈപ്പ്സ് പ്രൈവറ്റ് ലിമിറ്റഡ് , പള്ളാടം, തിരുപ്പൂർ എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിന് 18.01.22 ലെ ജനറൽ കമ്മിറ്റിയുടെ II(9) ാം തീരുമാനപ്രകാരം പട്ടികജാതി വികസന ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി കരാർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. 2021-22 സാമ്പത്തിക വർഷത്തിൽ 50 ടാങ്കുകൾ പ്രീമിയർ പോളിമേഴ്സ് പൈപ്പ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം വിതരണം ചെയ്തിട്ടുണ്ടെന്നും ആയതിനാൽ പ്രീമിയർ പോളിമേഴ്സ് പൈപ്പ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് 1,20,000/- രൂപ അനുവദിക്കണമെന്ന് 30.03.2022 ലെ സി. 1497/21-ാം കത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയോട് അഭ്യർത്ഥിച്ചിട്ടുണ്ടെങ്കിലും പ്രീമിയർ പോളിമേഴ്സ് പൈപ്പ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് 50 ടാങ്കുകൾ ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇൻവോയിസ് നമ്പർ. 2924/12.02.2022 പ്രകാരം ഒരു വാട്ടർ ടാങ്ക് ലഭ്യമാക്കിയതിന്റെ ബിൽ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃ വിഹിതം ഈടാക്കിയ രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 വർഷത്തിൽ 35 ഗുണഭോക്താക്കളിൽ നിന്ന് മാത്രമേ നാളിതുവരെ ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടുള്ളൂ. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 35 പേർക്ക് നാളിതുവരെ വാട്ടർടാങ്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 50 വാട്ടർ ടാങ്കുകളുടെ അധിക ഗുണഭോക്തൃ വിഹിതം കഴിച്ചുള്ള 1,20,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുകയും സെക്രട്ടറി തുക അനുവദിക്കുകയും ചെയ്തു. വാട്ടർ ടാങ്ക് വാങ്ങിയതിന്റെ ബില്ലുകൾ, അനുബന്ധരേഖകൾ എന്നിവയുടെ അഭാവത്തിൽ 1,20,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിന്നില്ല. വാങ്ങാത്ത വാട്ടർടാങ്ക് വിതരണം ചെയ്തതായി കാണിച്ചിരിക്കുന്നത് സംബന്ധിച്ച് ഈ പദ്ധതി നടത്തിപ്പ് സംബന്ധിച്ചും ഭരണതല അന്വേഷണത്തിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

5. വാട്ടർ ടാങ്ക് ലഭിക്കുന്നതിന് അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ്, ഗുണഭോക്താക്കളുടെ അപേക്ഷകൾ, അനുബന്ധ രേഖകൾ, എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുടർന്നുള്ള ഓഡിറ്റിൽ ഈ പദ്ധതിയുടെ മുഴുവൻ രേഖകളും പരിശോധനക്കു വിധേയമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ.21/21-22, 09.03.23

## 1-33 മാലിന്യസംസ്കരണ പ്ലാന്റ് പ്രവൃത്തി 4-ാം വർഷത്തിലും പൂർത്തീകരിച്ചില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു -1,10,431/-

അസി. എക്സി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ഇഞ്ചവിള ഗവൺമെന്റ് വൃദ്ധസദനത്തിൽ മാലിന്യസംസ്കരണ പ്ലാന്റ് പദ്ധതി നാളിതുവരെ പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ

പ്രവൃത്തിലക്ഷ്യംകൈവരിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. അൾട്രാടെക്ക് എൻവയോൺമെന്റൽ കൺസൾട്ടൻസി എന്ന സ്ഥാപനം തയ്യാറാക്കിയ ശുചിത്വമിഷൻ അംഗീകരിച്ച ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഇഞ്ചവിള ഗവൺമെന്റ് വൃദ്ധസദനത്തിലേക്ക് മാലിന്യസംസ്കരണ പ്ലാന്റ് 94/21 പദ്ധതിയുടെ അടങ്കൽ താഴെ പറയും പ്രകാരം 2 ഭാഗമായിട്ടാണ്.

നിർമ്മാണം അടങ്കൽ - 28,20,000/- രൂപ

പ്ലാന്റ് സ്ഥാപിച്ചതിനുശേഷമുള്ള ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് – 67,92,062/-രൂപ

TS No. 1159/G/2018/SM Dt 4-8-18

AS No. 11(1)/21-3-18---4633760/-

പ്രസ്തുത പ്രവൃത്തിയ്ക്ക് വേണ്ടി ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് (250339.25/- + Operations And Maintenance-2641335) രേഖപ്പെടുത്തിയ M/S Micro Water Solutions C-69 Sector 10, Noida എന്ന കമ്പിനിയ്ക്ക് 26-2-19 തീയതിയിലെ 14(1) നമ്പർ തീരുമാനപ്രകാരം പ്രവൃത്തി അംഗീകരിച്ചു നൽകി.

Selection Notice --- AEE/02/General/Chittumala/15 Dt. 28-2-19

Site Handed Over On 8-3-19

Agreement Number 11/18-19/LSGD/AEE/CTML Dt. 8-3-19

കാലാവധി 4 മാസം (120 ദിവസം )

പ്രസ്തുത പദ്ധതിയ്ക്ക് താഴെ പറയും പ്രകാരം കാലാവധി നീട്ടി കൊടുത്ത് സപ്ലിമെന്ററി എഗ്രിമെന്റ് വച്ചിട്ടുണ്ട്.

11(A) *18-19/*LSGD/AEE/CTML Dt. 10-7-19 Last Date 7-9-19

11(A1) *18-19/*LSGD/AEE/CTML Dt. 11-11-19 Last Date 31-12-19

11(A) *18-19/*LSGD/AEE/CTML Dt. 9-1-20 Last Date തീയതി രേഖപ്പെടുത്തിയിട്ടില്ല.

11(A) *18-19/*LSGD/AEE/CTML Dt. 8-9-20 Last Date തീയതി രേഖപ്പെടുത്തിയിട്ടില്ല.

1) എം ബുക്ക് നമ്പർ

10/18-19

12/19-20

16/19-20

മൂന്നാമത്തെ എംബുക്കിന്റെ അവസാനം Carried Over To M Book Number 1 എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

2) ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വർഷത്തെ 80/19 നമ്പർ പ്രോജക്ട് പ്രകാരം പ്രസ്തുത പ്രവൃത്തിയ്ക്ക് ഡി.പി.ആർ തയ്യാറാക്കിയത് അൾട്രടെക്ക് എൻവയോൺമെന്റൽ കൺസൾട്ടൻസി, കെ.പി. വല്ലം റോഡ് കടവന്ത്ര, കൊച്ചി എന്ന എജൻസി ആണ്. സാങ്കേതികാനുമതി നൽകിയ കത്തിലെ 5 നമ്പർ നിബന്ധന പ്രകാരം ഡി.പി.ആർ തയ്യാറാക്കിയ എജൻസി പദ്ധതിയുടെ ആദ്യാവസാനം മേൽ നോട്ടം വഹിക്കണമെണമെന്ന് നിർദ്ദേശിച്ചിരുന്നതിനെ തുടർന്ന് 29-10-18 തീയതിയിൽ അനുബന്ധകരാരിൽ എർപ്പെടുകയും ചെയ്തു. ടി കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കി ട്രയൽ റൺ വിജയകരമായി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണെന്ന് രേഖപ്പെടുത്തിയിരുന്നു. എന്നാൽ ഈ പ്ലാന്റിന്റെ സിവിൽ വർക്കുകൾ പൂർത്തീകരിച്ചെങ്കിലും കൺസൾട്ടൻസി യാതൊരു മേൽ നോട്ടമോ റിപ്പോർട്ട് നൽകുകയോ ചെയ്യാതിരുന്നതിനാൽ 01-07-2019 തീയതിയിലെ ll(2) നമ്പർ തീരുമാനപ്രകാരം ഈ കൺസൾട്ടൻസിയ്ക്ക് എതിരെ നിയമനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിരുന്നു. ആയതിന്റെ തുടർനടപടി സ്വീകരിച്ചിട്ടില്ല. 2020-21 വരെ 16,23,323/-രൂപ പ്രവൃത്തിക്കായി ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2021-22 വർഷത്തിൽ പ്രോജക്റ്റ് നം. 62/22 പ്രകാരം നിർമ്മൽ പുരസ്കാരത്തുക 9,00,000/-രൂപയും സി.എഫ്.സ് ഗ്രാൻറ് 2,00,000/- രൂപയും ഉൾപ്പടെ 11,00,000/- രൂപ അടങ്കൽ വകയിരുത്തിയ സ്പിൽ.ഓവർ പദ്ധതിയിൽനിന്നും, കോവിഡ് സാഹചര്യത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് ഉള്ളതിനാൽ പൂർത്തീകരിച്ച പ്രവൃത്തിയുടെബിൽതുക നൽകണമെന്ന മൈക്രോടെക് വാട്ടർ സൊലൂഷന്റെ കത്തിന്റെ അടിസ്ഥാനത്തിൽ 1,10,431/-രൂപ ചെക്ക്നം.011964 തീ.15/3/22 പ്രകാരം നൽകി. നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ ചെലവ് തുക 1,10,431/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

17-12-2021 ലെ പഞ്ചായത്ത് കമ്മിറ്റിതീരുമാനം 11(5) പ്രകാരമുള്ള നിർദേശപ്രകാരമാണ് തുക നൽകിയിട്ടുള്ളത്. അകെ പ്രവൃത്തിമൂല്യം 17,33,755/-രൂപയിൽ മുൻവർഷത്തിൽ നൽകിയ 16,23,323/-രൂപ കഴിച്ച് 1,10,431/-രൂപ നികുതി ഉൾപ്പെടെ നൽകിയത്. സ്ഥാപനവുമായി നം.എ11/18-19/എൽ.എസ്.ജി.ഡി /എഇ/സി.റ്റി.എം.എൽ തീ.15/3/22 പ്രകാരം സപ്ളിമെന്ററി കരാറുംവച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ 31/23 പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനു സ്പിൽ ഓവർ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. പ്ലാന്റ് പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-34 സ്ഥാപിച്ച ഫാനുകൾ പൂർണ്ണമായും കൈമാറിയില്ല.

പ്രോജക്റ്റ് നം.100/22 കിഴക്കേ കല്ലട സി വി.കെ.എം. സ്കൂളിലെ സി.എഫ്.എൽ.റ്റി.സി പൊളിച്ച നീക്കൽ
അടങ്കൽ - 72,000/-രൂപ (വികസനഫണ്ട്)
ചെലവ് - 71,552/-രൂപ ( ബിൽനം.11/8-3-22)
കരാറുകാരൻ- ശ്രീ. പവനൻ

പ്രസ്തുത പ്രവൃത്തിയുടെ അളവു പുസ്തകം 14/22 പ്രകാരം 24 വാൾ മൗണ്ട് ഫാനുകൾ ഇളക്കി മാറ്റിയത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്.

പ്രോജക്റ്റ് നം. 87/22 പ്രകാരം സി.എഫ്.എൽ. റ്റി.സി ക്കു ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ നടത്തിയപ്പോൾ അളവു പുസ്തകം 06/22 പേജ്നം . 3 ഇനം നം. 5 ആയി 28 ഫാനുകൾ ഫിറ്റ് ചെയ്യതിനു ഫാനിന്റെ വില ഉൾപ്പെടെ വിലയായി 2440 രൂപ നിരക്കിൽ 68320/- രൂപ നൽകിയിട്ടുണ്ട്.പൊളിച്ചെടുത്തു കൈമാറിയ ഫാനുകളുടെ എണ്ണത്തിൽ 4 ഫാനുകൾ കുറവുണ്ട്. ഇവയുടെ വില 9760 രൂപ (2440 X 4 ) ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്പിൽ ഓവർ പ്രോജക്ടിന് പത്രപരസ്യം നൽകിയ ചെലവ് തുക നിരാകരിക്കുന്നു.

2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് പട്ടികജാതി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് നൽകൽ (പ്രോജക്ട് നം-133/21). ടി പദ്ധതി പ്രകാരം തൻവർഷത്തിൽ 310 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി. തുടർന്ന് സ്പിൽ ഓവർ പ്രോജക്ടായി (പ്രോജക്ട് നം-59/22) 2021-22 വർഷത്തിൽ നടപ്പിൽ വരുത്തിയപ്പോൾ 29-12-2021 ലെ ദേശാഭിമാനി പത്രത്തിൽ ദർഘാസുകൾ ക്ഷണിക്കുന്നതിനായി വീണ്ടും വിൻഡോ പരസ്യം നൽകി 5,141/-(ചെക്ക് നം-4242360/22.1.22) രൂപ ചെലവഴിച്ചു. സ്പിൽ ഓവർ പ്രോജക്ടിന് വീണ്ടും പത്രപരസ്യം നൽകി തുക ചെലവഴിച്ചതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സ്പിൽ ഓവർ പ്രോജക്ടിന് വീണ്ടും പത്രപരസ്യം നൽകിയയിനത്തിലുള്ള 5,141/-രൂപ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം.22/ 9.3.23

നിരാകരണം - 5,141/-രൂപ

3-2 വാർഷിക ധനകാര്യ പത്രിക അന്തിമമാക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ജീവനാക്കാരിയെ നിയമിച്ച് വേതനം നൽകിയത് അംഗീകരിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വർഷത്തിലെ വാർഷിക ധനകാര്യ പത്രിക അന്തിമമാക്കുന്നതിന്റെ ഭാഗമായി സാംഖ്യ വെബ് സൈറ്റ് പെന്റിംഗ് ടാസ്ക് ഉപയോഗിച്ച് രേഖപ്പെടുത്താതെ പോയ രസീതുകൾ, പേയ്മെന്റുകൾ, ഹെഡ് മാറ്റങ്ങൾ, റിവേഴ്സ് എൻട്രികൾ എന്നിവ ചെയ്യുന്നതിന് ശ്രീമതി. രാജശ്രീ.ആർ, അനിൽ ഭവനം, പുന്തലത്താഴം എന്ന വ്യക്തിയെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചു. ടിയാൾക്ക് 25.6.21 മുതൽ 12.7.21 വരെയുള്ള കാലയളവിൽ 755/-രൂപ നിരക്കിൽ 10 ദിവസം ജോലി ചെയ്തതിന് 7,550/-രൂപ (ചെക്ക് നം-4749616/3.8.21) നൽകി. അക്കൌണ്ടന്റ്, ഐ.കെ.എം.എക്സ്പെർട്ട്, ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരുടെ സേവനം ബ്ലോക്ക് പഞ്ചായത്തിൽ ഉണ്ടായിരിക്കെ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരിയെ നിയമിച്ച് വേതനം നൽകിയതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ബ്ലോക്ക് പഞ്ചായത്തിലെ ജീവനക്കാർ ചെയ്യേണ്ട പ്രവൃത്തിക്ക് ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരിയെ നിയമിച്ച് വേതനം നൽകിയ 7,550/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം.14/9.3.23

നിരാകരണം - 7,550/-രൂപ

3-3 പ്ലാസ്റ്റിക് ബെയിലിംഗ് യൂണിറ്റ് - ലക്ഷങ്ങൾ ചെലവഴിച്ചിട്ടും നാളിതുവരെ പ്രവർത്തിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്ലാസ്റ്റിക് ബെയിലിംഗ് യൂണിറ്റ് എന്ന പദ്ധതിയ്ക്കായി 19,77,504/-രൂപ ചെലവഴിച്ച് സ്ഥാപിച്ച ആർ.ആർ.എഫ് ഭൗതിക സാഹചര്യങ്ങൾ എല്ലാം ഒരുക്കിയെങ്കിലും (Resource Recovery Facilitation Centre) നാളിതുവരെ തുറന്ന് ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല.

ഈ പദ്ധതിയുടെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് | ആകെ ചെലവ് |
|---|---|---|
| സെക്രട്ടറി | ആർ.ആർ.എഫ് മെഷ്യൻ വാങ്ങലും അനുബന്ധസജ്ജീകരണങ്ങൾ ഒരുക്കലും | 8,08,500/- (2021-22)<br>4,60,613/- (2022-23) |
| അസിസ്റ്റന്റ് എഞ്ചിനീയർ | ആർ.ആർ.എഫ് കെട്ടിടനിർമ്മാണം | 7,08,391/- |

ആർ.ആർ.എഫ് മെഷ്യൻ വാങ്ങലും അനുബന്ധസജ്ജീകരണങ്ങൾ ഒരുക്കലും എന്ന പ്രോജക്ട് പ്രകാരം ഉള്ള ചെലവ് താഴെ പറയും പ്രകാരം ആണ്.

| ഇനം | വിതരണം ചെയ്ത, സ്ഥാപിച്ച സ്ഥാപനം | ഇൻവോയ്സ് നമ്പർ | തുക(രൂപ) | ബിൽ നമ്പർ |
|---|---|---|---|---|
| ബെയിലിംഗ് | ക്ലീൻ കേരള | 20/18-1-22 | 5,56,500/- | XVFC/2021-22 |

| | | | | |
|---|---|---|---|---|
| മെഷ്യൻ | കമ്പിനി | | | /P/1225/1/22- |
| ഡസ്റ്റ് റിമൂവർ | ക്ലീൻ കേരള കമ്പിനി | 34/3-3-22 | 2,52,000/- | XVFC/2021-22 /P/25,26/3/22 |
| ഇലക്ട്രിഫിക്കേഷൻ | ആർ.കെ. ഇലക്ട്രിക്കൽസ് , ടെണ്ടർ | - | 75,133/- | XVFC/2022-23 /P/20,1-9-22 |
| ത്രീഫേസ് ആന്റ് സി.യു.ജി മീറ്റർ സ്ഥാപിക്കൽ | സതീഷ് കുമാർ ടെണ്ടർ | - | 97,140/- | XVFC/2022-23 /P/21,1-9-22 |
| സ്റ്റീൽ ഇനങ്ങൾ വാട്ടർ പ്യൂരിഫയർ | സിഡ്കോ | PRF SSEKLM/P1 /21-22 /643/14-3-22 | 82,280/- | XVFC/2022-23/P/3, 13-6-22 |
| വെയിംഗ് മെഷ്യൻ | വെസ്റ്റേൺ സ്കെയിൽസ് &സിസ്റ്റംസ് | 296/24-3-22 | 10,000/- | XVFC/2022-23/P/3, 13-6-22 |
| പ്ലാസ്റ്റിക് റോപ്പ് 500KG പ്ലാസ്റ്റിക് കുട്ട 10 | ന്യൂസ്റ്റോർ ,കുണ്ടറ | G-14897/30-3-22 G-ഇൻവോയ്സ് നമ്പർ വ്യക്തമല്ല/ 2-4-22 | 99,500/- | XVFC/2022-23/P/3, 13-06-2022 |
| ഫയർ എക്സ്റ്റിങ്ഗ്യൂഷർ | ഊർജ്ജം കൺസെപ്റ്റ്സ് | URM/21-22095/ 26-3-22 | 5,251/- | XVFC/2022-23 /P/3,13-6-2022 |
| ഇരുമ്പ് ഇനങ്ങൾ (ഡസ്ക്ക് , ബഞ്ച്, സ്റ്റൂൾ) | പവനൻ , ടെണ്ടർ | - | 64,724/- | XVFC/2022-23/P/3, 13-6-22 |
| കെ.എസ്.ഇ.ബി | | | 12,980/- | XVFC/2022-23/P/3, 13-6-22 |
| മറ്റിനം | | | 760/- | XVFC/2022-23/P/9, 18-6-22 |

പ്ലാസ്റ്റിക് ബെയിലിംഗ് യൂണിറ്റ് മെഷ്യൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവർത്തിപ്പിച്ചിട്ടില്ലാത്തതിന് കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ബ്ലോക്ക് പഞ്ചായത്തുകളിൽ ആർ.ആർ.എഫ്. സംവിധാനം സ്ഥാപിക്കണമെന്നുള്ള ഗവൺമെന്റ് നിർദ്ദേശത്തെ തുടർന്ന് കെട്ടിടം നിർമ്മിച്ച് അനുബന്ധസൌകര്യങ്ങൾ ഒരുക്കി.എന്നാൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ ഉള്ള എഴ് ഗ്രാമപഞ്ചായത്തുകളിൽ നാല് എണ്ണത്തിന് സ്വന്തമായി ആർ.ആർ.എഫ് ഉള്ളതിനാലും ബാക്കി മൂന്ന് പഞ്ചായത്തുകളിൽ നിലവിൽ പ്ലാസ്റ്റിക് മാലിന്യം തരം തിരിക്കാതെ ക്ലീൻ കേരളാ കമ്പിനി കൊണ്ടു പോകുന്നതിനാൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആർ ആർ.എഫിൽ പ്ലാസ്റ്റിക് മാലിന്യം ഗ്രാമപഞ്ചായത്തിൽ നിന്നും എത്തിക്കുന്നില്ല. ആയതിനെ തുടർന്ന് ശുചിത്വമിഷൻ ജില്ലാ കോഓർഡിനേറ്റർ, ഹരിത കേരളാ മിഷൻ കോ ഓർഡിനേറ്റർ വിവിധ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്മാർ, സെക്രട്ടറിമാർ എന്നിവരുടെ നേതൃത്വത്തിൽ ആർ.ആർ.എഫ് ക്ലീൻകേരളാ കമ്പിനി നേരിട്ട് നടത്തുന്നതിന് തീരുമാനമായി. ഇതിനുവേണ്ടി നിരവധി തവണ ക്ലീൻ കേരളാ കമ്പിനിയുമായി ബന്ധപ്പെട്ടിരുന്നുവെങ്കിലും ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത് ആർ.ആർ.എഫ് കിഴക്കേ കല്ലട ഗ്രാമപഞ്ചായത്തിന് കൈമാറാനാണ് നിർദ്ദേശം ലഭിച്ചത്. ആയതിന്റെ

അടിസ്ഥാനത്തിൽ ബ്ലോക്ക് കമ്മിറ്റിയിൽ ഈ വിഷയം പരിഗണിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെയും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെയും അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. 14-2-23 തീയതിയിലെ 8(1) നമ്പർ തീരുമാനപ്രകാരം വൈദ്യുതി കണക്ഷൻ താൽക്കാലികമായി വിച്ഛേദിക്കാൻ തീരുമാനിച്ചിരുന്നുവെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

പ്രസ്തുത പദ്ധതിയ്ക്കായി ക്ലീൻ കേരള കമ്പിനിയുടെ 3-3-22 തീയതിയിലെ 34 നമ്പർ ഇൻവോയ്സ് പ്രകാരം ഡസ്റ്റ് റിമൂവറിനായി 2,52,000/-രൂപ 3-3-22 നൽകിയിരുന്നുവെങ്കിലും നാളിതുവരെ ആയത് ലഭ്യമായിട്ടില്ലാത്തതിന് സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ഡസ്റ്റ് റിമൂവർ ഉടൻ ലഭ്യമാക്കുന്നുവെന്ന മറുപടി ആണ് നൽകിയത്. നാളിതുവരെ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2,52,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കുകയോ ഡസ്റ്റ് റിമൂവർ ലഭ്യമാക്കുകയോ ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.7/9-3-22
നിരാകരണം-252000 രൂപ

### 3-4 ബിൽ തുക കണക്കാക്കിയതിലെ അപാകത - അധിക ചെലവ്

പ്രോജക്ട് നം.139/21
ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ ടോയിലെറ്റുകളുടെ അറ്റകുറ്റപണികൾ
വികസന ഫണ്ട് - 7,00,000/- രൂപ
ചെലവ് - 4,09,186/-രൂപ
കരാറുകാരൻ -ശ്രീ. നംഷാദ്

മേൽ പ്രോജക്ടിനു 20-21 വർഷത്തിൽ പാർട്ട് ബിൽ തുകയായി 2,93,201/- രൂപ നികുതിയുൾപ്പെടെ നൽകിയിരുന്നു. 21-22 സാമ്പത്തിക വർഷത്തിൽ ഫൈനൽ ബിൽ തുകയായി 1,15,985/-രൂപ ബിൽ നം. 6/10-2-22 പ്രകാരം നൽകിയിരിക്കുന്നു. ബിൽ കണക്കാക്കിയതിലെ അപാകത മൂലം 19364/-രൂപയുടെ അധിക ചെലവുണ്ടായി. ഈ അധിക ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

| നൽകിയതുക | | നൽകാവുന്ന തുക | |
|---|---|---|---|
| ഫൈനൽ ബില്ലിൽ കണക്കിലെടുത്തിരിക്കുന്ന പ്രവൃത്തിമൂല്യം | 3,65,345.39/- | Mbook നം. 8/20 - 21 പ്രകാരം പ്രവൃത്തിമൂല്യം - ഫൈനൽ ബിൽ തുക - | 3,48,055.12/- |
| 12% ടാക്സ് തുക | 43,841.4/- | നികുതി 12% | 41,766.6/- |
| ആകെ | 4,09,187/- | ആകെ | 3,89,821.7/- |
| പാർട്ട് ബിൽ നൽകിയ തുക | 2,93,201/- | പാർട്ട് ബിൽ നൽകിയ തുക | 2,93,201/- |
| ബാലൻസ് - | 1,15,985/- | ബാലൻസ് - | 96,621/- |
| അധികം നൽകിയ തുക | | | 19,364/- |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം 1/6-3-23 ന തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തി അറിയിക്കുന്നതാണെന്നറിയിച്ചു.
നിരാകരണം - 19,364/- രൂപ

### 3-5 സബ്സിഡി മാർഗരേഖക്കു വിരുദ്ധമായി തുക നൽകി.

വ്യവസായ വികസന ഓഫീസർ നിർവഹണോദ്യോഗസ്ഥനായ പ്രോജക്റ്റ് നം.10/22 പ്രകാരം 8,00,000/-രൂപ വികസന ഫണ്ട് വകയിരുത്തിയ വ്യവസായ പുനരുജ്ജീവനവും ശാക്തീകരണവും എന്ന പദ്ധതി പ്രകാരം 16 വ്യക്തിഗത സംരംഭകർക്ക് ആനുകൂല്യം നൽകി. കോവിഡ് കാലത്ത് പ്രവർത്തനം നിലച്ച സംരംഭകർക്ക് മൂലധന സഹായമായാണ് വായ്പാ അധിഷ്ഠിതമായി ധനസഹായം നൽകിയത്.
10,000/- രൂപ വ്യക്തിഗത മൂലധനവും 50,000/- രൂപ ബാക്ക് എൻഡ് സബ്സിഡി എന്ന നിലയിലും

40,000/- രൂപ സംരംഭക ലോൺ എന്നയിനത്തിലും ഉൾപ്പെടുത്തി ഒരു ലക്ഷം രൂപ മൂലധന പ്രവർത്തന മൂലധനം നൽകുന്നതായിരുന്ന പദ്ധതി.

പദ്ധതി മാർഗരേഖ ഖ. 6.4 .1. പ്രകാരം വ്യക്തിഗത സ്വയം തൊഴിൽ സംരംഭകർക്ക് 50% നിജപ്പെടുത്തി പരമാവധി നൽകാവുന്ന സബ്സിഡി 40,000/- രൂപയാകുന്നു. വനിത സംരംഭകർക്ക് 50,000/- രൂപയും നൽകാവുന്നതാണ്. എന്നാൽ ലിംഗവ്യത്യാസം കണക്കിലെടുക്കാതെ എല്ലാ സംരംഭകർക്കും 50,000/- രൂപ വീതം സബ്സിഡി നൽകി. സബ്സിഡി മാനദണ്ഡത്തിനു വിരുദ്ധമായ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

| ക്രമ നം | സ്ഥാപനം | ഗുണഭോക്താവ് | നൽകിയ തുക (രൂപ) | നൽകാവുന്ന തുക (രൂപ) | അധികം (രൂപ) |
|---|---|---|---|---|---|
| 1 | ലക്ഷമി സിമന്റ് ബ്ളോക്ക്-ഈസ്റ്റ് കല്ലട ഗ്രാമ പഞ്ചായത്ത് | മദനൻ പിള്ള | 50,000/-ബിൽ നം3/28-2-22 | 40,000/- | 10,000/- |
| 2 | ആർ.ആർ അലൂമിനിയം ഫാബ്രിക്സ് വർക്ക്-പനയം ഗ്രാമ പഞ്ചായത്ത് | രാജീവ് | 50,000/-ബിൽ നം 9/26-3-22 | 40,000/- | 10,000/- |
| 3 | J.k Steel Techചാത്തി നാം കുളം-പനയം ഗ്രാമ പഞ്ചായത്ത് | ഹാഷീം | 50,000/-ബിൽ നം 9/26-3-22 | 40,000/- | 10,000/- |
| 4 | അശ്വതി ബ്രിക്സ്-മൺട്രോത്തുരുത്ത് ഗ്രാമ പഞ്ചായത്ത് | ദാസൻ | 50,000/-ബിൽ നം 6/3-2-22 | 40,000/- | 10,000/- |
| 5 | തുപ്പാശേരി ബ്രിക്സ്-മൺട്രോത്തുരുത്ത് ഗ്രാമ പഞ്ചായത്ത് | യശോധരൻ | 50,000/-ബിൽനം2 /3-2-22 | 40,000/- | 10,000/- |
| 6 | തങ്ക പുറം ഇൻഡസ്ട്രീസ്-പെരിനാട് ഗ്രാമ പഞ്ചായത്ത് | പ്രേമചന്ദ്രൻ- | 50,000/-ബിൽ നം 5/28-2-22 | 40,000/- | 10,000/- |
| 7 | തോംസൺ എൻജിനീറിംഗ് വർക്സ്-പേരയം ഗ്രാമ പഞ്ചായത്ത് | -ചാൾസ് | 50,000/-ബിൽ നം 5/28-2-22 | 40,000/- | 10,000/- |
| 8 | ലിമ്റാസ് ഗ്രാഫിക്സ്-ഞാറയ്ക്കൽ--തൃക്കരുവ ഗ്രാമപഞ്ചായത്ത് | കബീർ- | 50,000/-ബിൽ നം 9/26-3-22 | 40,000/- | 10,000/- |
| | | ആകെ | | | 80,000/- |

സബ്സിഡി ഇനത്തിൽ അധികം നൽകിയ തുക 80,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം -3/7-3-23

നിരാകരണം – 80,000/-രൂപ

3-6 വെറ്റിംഗ് ഓഫീസർ നിരസിച്ച പദ്ധതി നടപ്പിലാക്കി.

വെറ്റിംഗ് ഓഫീസർ നിരസിച്ച താൽക്കാലിക പാരാമെഡിക്കൽ ജീവനക്കാർക്ക് വേതനം എന്ന പദ്ധതി നടപ്പിലാക്കി തുക ചെലവഴിച്ചു.

നിർവഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി

പ്രോജക്ട് നമ്പർ - 42/22

പ്രോജക്ട് – താൽക്കാലിക പാരാമെഡിക്കൽ ജീവനക്കാർക്ക് വേതനം

ആകെ ചെലവ് - 4,63,385/-രൂപ

കുണ്ടറ താലൂക്ക് ആശുപത്രിയിൽ ബ്ലോക്ക് പഞ്ചായത്ത് താൽക്കാലികമായി നിയമിച്ച നഴ്സുമാർക്ക് വേതനം നൽകാനായി ആവിഷ്കരിച്ച പ്രോജക്ട് വെറ്റിംഗ് ഓഫീസർ ആയ ഡോ. ശ്രീലത അംഗീകാരം നൽകാതെ നിരസിച്ചിരുന്നു. തനതുഫണ്ടായി 4,08,000/-രൂപ അടങ്കൽ ആയി തയ്യാറാക്കിയ പദ്ധതി വെറ്റിംഗ് ഓഫീസർ നിരസിച്ചിട്ടും നടപ്പിലാക്കി തുക നൽകി. എപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള മാസങ്ങളിൽ രണ്ടു നഴ്സുമാർക്കും നവംബർ മാസം നാലു പേർക്കും ഡിസംബർ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിൽ മൂന്നുപേർക്കുമാണ് ശമ്പളം നൽകിയിരിക്കുന്നത്. ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | ശമ്പള വിവരങ്ങൾ | ചെക്ക് നമ്പർ, തീയതി | തുക(രൂപ) |
|---|---|---|---|
| എപ്രിൽ | ഷീജാ പീറ്റർ 17,000/-<br>രോഹിണി 17,000/- | 6294782/2-7-21 | 68,000/- |
| മെയ് | ഷീജാ പീറ്റർ 17,000/-<br>രോഹിണി 17,000/- | | |
| ജൂൺ | ഷീജാ പീറ്റർ 17,000/-<br>രോഹിണി 17,000/- | 6294783/<br>14-8-21 | 34,000/- |
| ജൂലായ് | ഷീജാ പീറ്റർ 17,000 + 2750/-<br>രോഹിണി 17,000 + 2750/- | 6294784/<br>8-9-21 | 39,500/- |
| ആഗസ്റ്റ് | ഷീജാ പീറ്റർ 17,000/-<br>രോഹിണി 17,000/- | 6294786/<br>20-9-21 | 34,000/- |
| സെപ്തംബർ | ഷീജാ പീറ്റർ 17,000/-<br>രോഹിണി 17,000/- | 6294788/<br>29-10-21 | 34,000/- |
| ഒക്ടോബർ | ഷീജാ പീറ്റർ 17,000/-<br>രോഹിണി 17,000/- | 6294789/<br>19-11-21 | 34,000/- |
| നവംബർ | ഷീജാ പീറ്റർ 17,000/-<br>രോഹിണി 17,000/-<br>വിജി ജോസ്- 16,433/-<br>ബിനിതാ വർഗ്ഗീസ് 17,000/- | 6294790/<br>13-12-21 | 67,433/- |
| ഡിസംബർ | ഷീജാ പീറ്റർ 17,000/-<br>രോഹിണി 16,452/-<br>ബിനിതാ വർഗ്ഗീസ് 17,000/- | 6294792/<br>25-1-22 | 50,452/- |
| ജനുവരി | ഷീജാ പീറ്റർ 17,000/-<br>രോഹിണി 17,000/-<br>ബിനിതാ വർഗ്ഗീസ് 17,000/- | 6294793/<br>19-2-22 | 51,000/- |
| ഫെബ്രുവരി | ഷീജാ പീറ്റർ 17,000/-<br>രോഹിണി 17,000/- | 6294795/<br>10-3-22 | 51,000/- |

| | | | |
|---|---|---|---|
| | ബിനിതാ വർഗ്ഗീസ് 17,000/- | | |

എത് ഗവൺമെന്റ് ഉത്തരവിന് അനുസരിച്ചാണ് താൽക്കാലിക പാരാമെഡിക്കൽ ജീവനക്കാരെ നിയമിച്ചിട്ടുള്ളത് എന്നും എത്ര പേരെ നിയമിക്കാനാണ് തീരുമാനിച്ചിരുന്നത് എന്നും വ്യക്തമാക്കിയിട്ടില്ല. ആദ്യമാസങ്ങളിൽ രണ്ടു പേരെയും തുടർന്ന് മൂന്ന്, നാലു പേരെയും ആണ് നിയമിച്ചത്. ആയതിന്റെ നടപടിക്രമങ്ങളോ കമ്മിറ്റി തീരുമാനമോ ഹാജരാക്കിയിട്ടില്ല. വെറ്റിംഗ് ഓഫീസർ പ്രോജക്ട് നിരസിച്ചതിന്റെ കാരണവും വെറ്റിംഗ് ഓഫീസർ പ്രോജക്ട് നിരസിച്ചതിനു ശേഷം പ്രോജക്ട് നടപ്പിലാക്കിയതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 4,63,385/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 24/10-3-23

നിരാകരിച്ച തുക - 4,63,385/-രൂപ

## 3-7 തുല്യതാ പഠനം - രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| പദ്ധതി | എസ്.0016/21-22 10, +1, +2 - തുല്യത പഠിതാക്കൾക്ക് പഠന സഹായം. |
| അടങ്കൽ | 4,00,000/-രൂപ (വികസന ഫണ്ട് ) |
| ചെലവ് | 3,99,800/-രൂപ (ബിൽ നം.26/21-22, 18-2-22) |
| നിർവഹണം | സെക്രട്ടറി |

പത്താംതരം തുല്യതക്കായി 1,850/-രൂപ വീതവും, പ്ലസ് വൺ തുല്യതയ്ക്കായി 2,500/-രൂപ വീതവും, പ്ലസ് 2 തുല്യതയ്ക്കായി 2,200/-രൂപ വീതവും ആണ് പഠിതാക്കൾക്ക് പഠന സഹായം എന്ന നിലയിൽ നൽകുന്നത്. ഒന്നാം വർഷ ഹയർ സെക്കന്ററി തുല്യതയ്ക്ക് 60 അപേക്ഷകളും പത്താംതരം തുല്യതയ്ക്ക് 28 അപേക്ഷകളുമാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്ലസ് 2 തുല്യതയ്ക്ക് 90 പേരുടെ ലിസ്റ്റ് ഉണ്ടെങ്കിലും അപേക്ഷകൾ ഇല്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഹാജരാക്കിയ രേഖകളിൽ 26 ഗുണഭോക്താക്കൾ മറ്റു സ്ഥാപനങ്ങളിൽ നിന്നും പ്ലസ് വൺ തുല്യതയ്ക്കായി തുക ഒടുക്കിയവരാണ്എന്നു കണ്ടെത്തി.മാത്രമല്ലപ്രസ്തുത ഗുണഭോക്താക്കൾ ആ സ്ഥാപനത്തിൽ നിന്നും പ്ലസ് 2 തുല്യതയ്ക്ക് തുക ഒടുക്കിയിട്ടില്ല എന്നു കാണിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടുമില്ല ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 57,200/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

നിരാകരിക്കുന്ന തുക – 57,200/-രൂപ
ഓഡിറ്റ് എൻക്വയറി നം.6/9-3-23

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 6.3.23, 7.3.23 | കെ.എസ്.എ.കെ.എൽ.എം.പി4/515/ തീയതി. 11-4-23 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

(മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2021-22 | 9,80,000/- | PMAY | 9,80,000/- | 0 |
| ജില്ല പഞ്ചായത്ത് | 2021-22 | 1,96,000/- | PMAY(SCP) | 1,96,000/- | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

### 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 8,23,000/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 8,23,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 8,23,000/- |

### 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | ഖ - 25 | 2001-02 | ഖ - 2-3-1 | അഞ്ചാലുംമൂട് ഷോപ്പിംഗ് കോംപ്ലക്സ് അപാകതകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| 1997-98 | ഖ - 26 | 2001-02 | ഖ - 2-3-(ii) | ധാന്യകറിപ്പൊടി നിർമ്മാണ യൂണിറ്റ് - പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 1997-98 | ഖ - 27 | 2001-02 | ഖ - 2-3-(iii) | കശുവണ്ടി സംസ്കരണ വിപണന സംഘം - പ്രോജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 1997-98 | ഖ - 29 | 2001-02 | ഖ - 2-1-(iv) | മാർക്കറ്റിംഗ് സെയിൽസ് സഹകരണ സംഘം | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

| | | | | | |
|---|---|---|---|---|---|
| 1998-99 മുതൽ 2005-06 വരെ | ഖ - 3-9 | 2007-08 | 3-11-1 | അഞ്ചാലുംമൂട് ലേബർ കോപ്പറേറ്റീവ് സൊസൈറ്റി രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 1998-99 മുതൽ 2005-06 വരെ | 3-11-2 | 2007-08 | ഖ - 3-10 | റോഡ് റോളർ വാങ്ങിയതിലെ അപാകതകൾ | നിയമസഭാസമിതിയുടെ പരിഗണനയിലാണ്. |
| 1998-99 മുതൽ 2005-06 വരെ | ഖ - 3-24 | 2007-08 | ഖ - 3-11-3 | 1998-99 മുതൽ 2005-06 വരെ<br>വൃദ്ധസദനത്തിന്റെ കെട്ടിട നിർമ്മാണത്തിനായി തുക നൽകിയത് - പണി നടന്നിട്ടില്ല | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |
| 2012-13, 2013-14 | (നിഷ്ക്രിയ ആസ്തികൾ) | 2014-15 | ഖ - 4-1-15 | തൃക്കടവൂർ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിനായി 5,50,596/- രൂപ ചെലവിട്ട് വാങ്ങിയ ആംബുലൻസ് നാശോന്മുഖമായി | നിയമസഭാസമിതിയുടെ പരിഗണനയിലാണ് |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 8,01,21,846/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,92,44,474/- |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8,84,640/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 31,27,391.5/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5,141/- | ശ്രീമതി. രമ്യ.സി (സെക്രട്ടറി) |
| 3-2 | | 7,550/- | ശ്രീമതി. രമ്യ.സി(സെക്രട്ടറി) |
| 3-3 | | 2,52,000/- | ശ്രീമതി. രമ്യ.സി(സെക്രട്ടറി) |
| 3-4 | | 19,364/- | ശ്രീമതി.പ്രിയ.കെ.ജി.(അസി.എഞ്ചിനിയർ) |
| 3-5 | | 80,000/- | ശ്രീ.കണ്ണനുണ്ണി.പി.എസ്.(ഇന്റസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ) |
| 3-6 | | 1,75500/- | ശ്രീമതി.അനിത.കെ.കുമാർ (മെഡിക്കൽ |

| | | | |
|---|---|---|---|
| | | | ഓഫീസർ-സി.എച്ച്.സി) |
| 3-6 | | 2,87,885/- | ശ്രീമതി.സീമ ശിവാനന്ദ് (മെഡിക്കൽ ഓഫീസർ-സി.എച്ച്.സി) |
| 3-7 | | 57,200/- | ശ്രീമതി. രമ്യ.സി(സെക്രട്ടറി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 3,37,262/- | ഡോ.ബിന്ദു.(വെറ്ററിനറി സർജ്ജൻ) |
| 1-16 | 40,000/- | ശ്രീമതി. രമ്യ.സി (സെക്രട്ടറി) |
| 1-17 | 41,468/- | ശ്രീമതി. രമ്യ.സി (സെക്രട്ടറി) |
| 1-18 | 5,39,929.5/- | ശ്രീമതി.സീമ ശിവാനന്ദ് (മെഡിക്കൽഓഫീസർ-സി.എച്ച്.സി) |
| 1-18 | 1,05,312/- | ശ്രീമതി.അനിത.കെ.കുമാർ (മെഡിക്കൽഓഫീസർ-സി.എച്ച്.സി) |
| 1-19 | 7,50,000/- | ശ്രീ.സുനിൽകുമാർ.(എസ്.സി.ഡി.ഒ) |
| 1-23 | 1,10,000/- | ശ്രീമതി. രമ്യ.സി (സെക്രട്ടറി) |
| 1-24 | 5,00,000/- | ശ്രീമതി. രമ്യ.സി (സെക്രട്ടറി) |
| 1-30 | 26,729/- | ശ്രീമതി.സീമ ശിവാനന്ദ് (മെഡിക്കൽഓഫീസർ-സി.എച്ച്.സി) |
| 1-31 | 5,56,500/- | ശ്രീമതി. രമ്യ.സി (സെക്രട്ടറി) |
| 1-33 | 1,10,431/- | ശ്രീമതി.ഹസീന.എ (അസി.എക്സി.എഞ്ചിനിയർ) |
| 1-34 | 9,760/- | ശ്രീമതി.പ്രിയ.കെ.ജി.(അസി.എഞ്ചിനിയർ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേ ഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. രമ്യ.സി (സെക്രട്ടറി) | ജില്ലാ വനിതക്ഷേമ ഓഫീസർ,ഇടുക്കി | രാമകൃഷ്നിലണയം, കാഞ്ഞാവെളി.പി.ഒ. കൊല്ലം. |
| ശ്രീ.കെ.അജികുമാർ (സെക്രട്ടറി) | സെക്രട്ടറി,നേമം ബ്ളോക്ക് പഞ്ചായത്ത് | സാന്ദ്രം, വെങ്ങാനൂർ, തിരുവനന്തപുരം |
| ശ്രീമതി.പ്രിയ.കെ.ജി. (അസി.എഞ്ചിനിയർ) | എൽ. എസ്.ജി.ഡി. സബ്ഡിവിഷൻ,ചിറ്റുമല | മാധവം,മുരുന്തൽ, പെരിനാട്,കൊല്ലം. |
| ഡോ.ബിന്ദു.(വെറ്ററിനറി സർജ്ജൻ) | വെറ്ററിനറി ഹോസ്പിറ്റൽ. കുണ്ടറ | സോപാനം,കട്ടയിൽ, ഓടനാവട്ടം.പി.ഒ |
| ശ്രീ.കണ്ണനുണ്ണി.പി.എസ്. | താലൂക്ക് വ്യവസായ | ഗായത്രി, നീലാവിൽ, |

| | | |
|---|---|---|
| (ഇന്റസ്റ്റീയൽ എക്സ്റ്റൻഷൻ ഓഫീസർ) | ഓഫീസി,ഹോസ്ദുർഗ്. | പെരിനാട്.പി.ഒ. കൊല്ലം |
| ശ്രീ.സുനിൽകുമാർ. (എസ്.സി.ഡി.ഒ) | പട്ടികജാതി വികസന ഓഫീസ്,ചിറ്റുമല | കൃഷ്ണവിലാസം, ഉണ്ടത്തിൽ.പി.ഒ കാര്യവട്ടം. |
| ശ്രീമതി.അനിത.കെ.കുമാർ (മെഡിക്കൽഓഫീസർ-സി.എച്ച്.സി) | മെഡിക്കൽഓഫീസർ-താലൂക്ക് ഹോസ്പിറ്റൽ,കുണ്ടറ | ഉഷസ്,പാങ്ങപ്പാറ, തിരുവനന്തപുരം |
| ശ്രീമതി.സീമ ശിവാനന്ദ് (മെഡിക്കൽഓഫീസർ-സി.എച്ച്.സി) | മെഡിക്കൽഓഫീസർ-സി.എച്ച്.സി,കുണ്ടറ | ഉള്ളിരുപ്പിൽ,ശ്രീനഗർ, ഹൌസ് നം- 58 , കടപ്പാക്കട,കൊല്ലം |
| ശ്രീമതി.ഹസീന.എ (അസി.എക്സി.എഞ്ചിനിയർ) | എൽ.എസ് .ജിഡി. സബ്ഡിവിഷൻ, കൊല്ലം | സഫയർ. ചന്ദനത്തോപ്പ്.പി.ഒ,കേരളപുരം, കൊല്ലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05<br>2005-06 | കെ.എസ്സ്.എ-കെ.എൽ.എം-പി4/293/2020, തീയതി-08.09.2020 | 1 |
| 2007-08 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1094/2018, തീയതി-04.09.2018 | 2 |
| 2008-09 | കെ.എസ്സ്.എ-കെ.എൽ.എം-പി4/291/2018, തീയതി-23.05.2019 | 5 |
| 2009-10 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1755/2018, തീയതി-13.05.2019 | 8 |
| 2010-11 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1232/2017, തീയതി-14.05.2017 | 4 |
| 2011-12 | കെ.എസ്സ്.എ-കെ.എൽ.എം-പി4/അദാലത്ത്-11-12/1619/22, തീയതി-29-8-22 | 4 |
| 2012-13<br>2013-14 | കെ.എസ്സ്.എ-കെ.എൽ.എം-പി4/അദാലത്ത്-2012-132013-14/1619/22, തീയതി-29-8-22 | 6 |
| 2015-16 | കെ.എസ്സ്.എ-കെ.എൽ.എം-പി4/അദാലത്ത്-15-16/1619/22, തീയതി-29-8-22 | 1 |
| 2016-17 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1124/2018, തീയതി-27.07.2019 | 3 |
| 2017-18 | കെ.എസ്സ്.എ-കെ.എൽ.എം-പി4/434/2020(1), തീയതി-19.08.2020 | 9 |
| 2018-19 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1184/2020, തിയതി : 24.02.2021 | 21 |
| 2019-20 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1184/2020, തിയതി : 24.02.2021 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്സ്.എ-കെ.എൽ.എം-പി4/1184/2020, തിയതി : 24.02.2021 | എല്ലാ ഖണ്ഡികകളും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ചിറ്റുമല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്